കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അപ്രൻറീസുകൾ ആക്ററ്, 1961

(1961-ലെ 52-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില: 0-80

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# അപ്രന്റീസുകൾ ആക്റ്റ്, 1961

(1961-ലെ 52-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# അപ്രൻറീസുകൾ ആക്ററ്, 1961

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും, ബാധകതയും.
2. നിർവ്വചനങ്ങൾ.

അദ്ധ്യായം II

അപ്രൻറീസുകളും അവരുടെ പരിശീലനവും

3. അപ്രൻറീസായി ഏർപ്പെടുത്തപ്പെടാനുള്ള യോഗ്യതകൾ.
4. അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ്.
5. അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ് പുതുക്കൽ.
6. അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി.
7. അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ് അവസാനിക്കുന്നത്.
8. ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിലുള്ള അപ്രൻറീസുകളുടെ എണ്ണം.
9. അപ്രൻറീസുകളുടെ പ്രായോഗികപരിശീലനവും അടിസ്ഥാന പരിശീലനവും.
10. അപ്രൻറീസുകൾക്ക് സംബന്ധിത ബോധനം.
11. നിയോജകന്മാരുടെ കടപ്പാടുകൾ.
12. അപ്രൻറീസുകളുടെ കടപ്പാടുകൾ.
13. അപ്രൻറീസുകൾക്ക് പണം കൊടുക്കൽ.
14. അപ്രൻറീസുകളുടെ ആരോഗ്യവും രക്ഷയും ക്ഷേമവും.
15. പ്രവൃത്തിമണിക്കൂറുകളും ഓവർറൈറമും അവധിയും, ഒഴിവു ദിവസങ്ങളും.
16. ക്ഷതിയ്ക്കുള്ള നഷ്ടപരിഹാരത്തിനു നിയോജകനുള്ള ബാദ്ധ്യത.
17. പെരുമാററവും, അച്ചടക്കവും.
18. അപ്രൻറീസുകൾ പരിശീലനാർത്ഥികളാണ്, തൊഴിലാളികളല്ലെന്ന്.
19. റിക്കാർഡുകളും റിട്ടേണുകളും.
20. തർക്കങ്ങൾ തീർപ്പാക്കൽ.
21. ടെസ്ററ് നടത്തലും സർട്ടിഫിക്കററ് നല്കലും, പരിശീലനം സമാപിപ്പിക്കലും.
22. നിയോജനം ആഫർചെയ്യലും സ്വീകരിക്കലും.


3/4707/L.

## അദ്ധ്യായം III

### അധികാരസ്ഥാനങ്ങൾ


23. അധികാരസ്ഥാനങ്ങൾ.
24. സമിതികൾ ഏർപ്പെടുത്തൽ.
25. ഒഴിവുകൾ കൃത്യങ്ങളേയും നടപടികളേയും അസാധുവാക്കുന്നതല്ലെന്ന്.
26. അപ്രൻറീസ്ഷിപ്പ് ഉപദേശകന്മാർ.
27. അഡിഷണൽ, ജായിൻറ്, പ്രാദേശിക, ഡെപ്യൂട്ടി, അസിസ്ററൻറ്, അപ്രൻറീസ്ഷിപ്പ് ഉപദേശകന്മാർ.
28. അപ്രൻറീസ്ഷിപ്പ് ഉപദേശകന്മാർ പബ്ലിക്ക് സർവൻറുമാരായിരിക്കുമെന്ന്.
29. പ്രവേശനത്തിനും ഇൻസ്പെക്ഷനും മററുമുള്ള അധികാരങ്ങൾ.
30. കുററങ്ങളും ദണ്ഡനങ്ങളും.
31. പ്രത്യേകദണ്ഡനം വ്യവസ്ഥചെയ്യാത്തിടത്തുള്ള ദണ്ഡനം.
32. കമ്പനികളാലുള്ള കുററങ്ങൾ.
33. കുററങ്ങൾ നടപടിയ്ക്കെടുക്കൽ.
34. അധികാരങ്ങളുടെ പ്രത്യായോജനം.
35. പരാമർശങ്ങൾക്ക് അർത്ഥം കല്പിക്കൽ.
36. ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെട്ട നടപടിയുടെ സംരക്ഷണം.
37. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
38. റദ്ദാക്കൽ.


പട്ടിക

# അപ്രന്റീസുകൾ ആക്റ്റ്, 1961

## (1961-ലെ 52)

അപ്രന്റീസുകളുടെ പരിശീലനത്തിന്റെ ക്രമപ്പെടുത്തലിനും നിയന്ത്രണത്തിനും, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥചെയ്യുന്നതിനുള്ള ആക്റ്റ്.

[1961 ഡിസംബർ, 12]

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പന്ത്രണ്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും, ബാധകതയും.—(1) ഈ ആക്റ്റിന്, അപ്രന്റീസുകൾ ആക്റ്റ്, 1961 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യമുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും; വ്യത്യസ്ത സ്റേററുകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾ—

(ക) കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും പ്രദേശമോ ഏതെങ്കിലും പ്രദേശത്തെ ഏതെങ്കിലും വ്യവസായമോ, മുൻപറഞ്ഞ വ്യവസ്ഥകൾ വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ ബാധകമാകുന്ന പ്രദേശമോ വ്യവസായമോ ആയി വിനിർദ്ദേശിക്കാത്തപക്ഷം, ആ പ്രദേശത്തിനോ വ്യവസായത്തിനോ ;

(ഖ) [ .. .. .. .. ]

(ഗ) അപ്രന്റീസുകൾക്കു പരിശീലനം നല്കുന്നതിനുള്ളതും കേന്ദ്രഗവൺമെന്റ് ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യുന്നതുമായ ഏതെങ്കിലും പ്രത്യേക അപ്രന്റീസ്ഷിപ്പ് പദ്ധതിയ്ക്കോ,

ബാധകമാകുന്നതല്ല.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(ക) "അഖിലേൻഡ്യാ സമിതി" ക്ക്, ഇൻഡ്യാഗവൺമെന്റിന്റെ മുൻ വിദ്യാഭ്യാസമന്ത്രികാര്യാലയത്തിലെ, 1945 നവംബർ 30-ാം തീയതിയിലെ എഫ്. 16–10/44–ഇ III നമ്പർ പ്രമേയത്താൽ സ്ഥാപിക്കപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ അഖിലേൻഡ്യാ സമിതി എന്നർത്ഥമാകുന്നു:

(കക) ''അപ്രൻറീസി'' ന്, ഒരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ് അനുസരിച്ച് അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന ആരം എന്നർത്ഥമാകുന്നു.

(കകക) ''അപ്രൻറീസ് ഷിപ്പ് പരിശീലന'' ത്തിന്, ഒരു അപ്രൻറീസ് ഷിപ്പ് കാൺട്രാക്ററ് അനുസരിച്ചും, നിർണ്ണയിക്കപ്പെടുന്നതും അപ്രൻറീസു കളുടെ വ്യത്യസ്തവിഭാഗങ്ങൾക്ക് വ്യത്യസ്തമായിരിക്കാവുന്നതുമായ നിബ ന്ധനകൾക്കും ഉപാധികൾക്കും കീഴിലും, ഏതെങ്കിലും വ്യവസായത്തിലോ സ്ഥാപനത്തിലോ കഴിക്കുന്ന ഒരു പരിശീലനകോഴ്സ് എന്നർത്ഥമാകുന്നു.

(ഖ) ''അപ്രൻറീസ് ഷിപ്പ് ഉപദേശക'' ന്, 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശ കനോ, ആ വകുപ്പിലെ (2)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന സ്റേററ് അപ്രൻറീസ്ഷിപ്പ് ഉപദേശകനോ എന്നർത്ഥമാകുന്നു.

(ഗ) ''അപ്രൻറീസ്ഷിപ്പ് സമിതി'' ക്ക്, 24-ാം വകുപ്പ്(1)-ാം ഉപവകു പ്പിൻകീഴിൽ സ്ഥാപിക്കപ്പെടുന്ന കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയോ സ്റേററ് അപ്രൻറീസ്ഷിപ്പ് സമിതിയോ എന്നർത്ഥമാകുന്നു.

(ഘ) ''സമുചിതഗവൺമെൻറി'' ന്—

(1) (ക) കേന്ദ്ര അപ്രൻറീസ്സമിതിയേയോ, അല്ലെങ്കിൽ

(കക) ബിരുദധാരി അപ്രൻറീസുകളുടെ, അല്ലെങ്കിൽ സാങ്കേതികജ്ഞ അപ്രൻറീസുകളുടെ പ്രായോഗികപരിശീലനത്തേയോ, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും റയിൽവേയുടേയോ വൻകിട തുറമുഖത്തിൻേറയോ ഖനിയുടേയോ എണ്ണപ്പാടത്തിൻേറയോ ഏതെങ്കിലും സ്ഥാപനത്തേയോ, അല്ലെങ്കിൽ

(ഗ) (i) കേന്ദ്രഗവൺമെൻറിന്നോ കേന്ദ്രഗവൺമെൻറിൻെറ ഒരു വകുപ്പിന്നോ,

(ii) ഏതു കമ്പനിയിലാണോ ഓഹരി മൂലധനത്തിൻെറ അൻപ ത്തൊന്നു ശതമാനത്തിൽ കുറയാതെ കേന്ദ്രഗവൺമെൻറിനോ, അല്ലെങ്കിൽ ഭാഗികമായി ആ ഗവൺമെൻറിനും, ഭാഗികമായി ഒന്നോ അതിലധികമോ സ്റേററ് ഗവൺമെൻറുകൾക്കും ഉള്ളത്, അങ്ങനെയുള്ള ഒരു കമ്പനിയ്ക്കോ,

(iii) ഒരു കേന്ദ്ര ആക്ററിനാലോ കേന്ദ്ര ആക്ററിൻകീഴിലോ സ്ഥാപിക്കപ്പെട്ടതും കേന്ദ്ര ഗവൺമെൻറിന് ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയതുമായ ഏകാംഗയോഗത്തിന്നോ, (ഒരു സഹക രണസംഘം ഉൾപ്പെടെ),

ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും സ്ഥാപനത്തേയോ,

സംബന്ധിച്ച്, കേന്ദ്ര ഗവൺമെൻറ് എന്നും;

(2) (ക) ഒരു സ്റേററ് അപ്രൻറീസ് സമിതിയേയോ,

(ഖ) ഈ ഖണ്ഡത്തിൻെറ (1)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച തല്ലാത്ത ഏതെങ്കിലും സ്ഥാപനത്തേയോ,

സംബന്ധിച്ച് സ്റേററ് ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നു.

(ഘഘ) ''സാങ്കേതികവിദ്യാഭ്യാസബോർഡ് അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസസ്റ്റേറ്റ് സമിതി'' എന്നാൽ, സ്റ്റേറ്റ് ഗവൺമെൻറിനാൽ സ്ഥാപിക്കപ്പെട്ട സാങ്കേതികവിദ്യാഭ്യാസബോർഡ് അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്റ്റേറ്റ് സമിതി എന്നർത്ഥമാകുന്നു.

(ങ) ''നാമനിർദ്ദിഷ്ടവ്യാപാര'' ത്തിന്, കേന്ദ്രഗവൺമെൻറ്, കേന്ദ്ര അപ്രൻറീസ് സമിതിയുമായി ആലോചിച്ചതിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങാംക്ക് നാമനിർദ്ദിഷ്ട വ്യാപാരമായി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യാപാരമോ ജീവനമോ എഞ്ചിനീയറിങ്ങിലേയോ സാങ്കേതികവിജ്ഞാനത്തിലേയോ ഏതെങ്കിലും പ്രായോഗികപ്രവർത്തനമണ്ഡലവിഷയമോ എന്നർത്ഥമാകുന്നു.

(ച) ''നിയോജക'' ന്, ഒന്നോ അതിലധികമോ മററു ആളുകളെ ഒരു സ്ഥാപനത്തിൽ ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ വേതനത്തിന് നിയോജിക്കുന്ന ഏതെങ്കിലും ആരം എന്നർത്ഥമാകുന്നതു. അതിൽ അങ്ങനെയുള്ള സ്ഥാപനത്തിലെ ജോലിക്കാരുടെ മേൽനോട്ടവും നിയന്ത്രണവും ഭരമേല്പിക്കപ്പെടുന്ന ഏതെങ്കിലും ആരം ഉാംപ്പെടുന്നതുമാകുന്നു.

(ഛ) ''സ്ഥാപനത്തി'' ൽ, ഏതെങ്കിലും വ്യവസായം നടത്തിക്കൊണ്ടു പോകുന്ന ഏതെങ്കിലും സ്ഥലം ഉാംപ്പെടുന്നു.

(ജ) ''സ്വകാര്യമേഖലയിലെ സ്ഥാപന'' ത്തിന്, പൊതുമേഖലയിലേതല്ലാത്ത സ്ഥാപനം എന്നർത്ഥമാകുന്നു.

(ഝ) ''പൊതുമേഖലയിലെ സ്ഥാപന'' ത്തിന്, —

(1) ഗവൺമെൻറിനോ ഗവൺമെൻറിൻെറ ഒരു വകുപ്പിനോ ;

(2) കമ്പനി ആക്ററ്, 1956 (1956-ലെ-1)-ലെ 617-ാം, വകുപ്പിൽ നിർവ്വചിക്കപ്പെടുന്ന ഒരു ഗവൺമെൻറ് കമ്പനിയ്ക്കോ ;

(3) ഒരു കേന്ദ്ര ആക്ററിനാലോ പ്രവിശ്യാ ആക്ററിനാലോ സ്റ്റേററ് ആക്ററിനാലോ അല്ലെങ്കിൽ അതിൻ കീഴിലോ സ്ഥാപിക്കപ്പെട്ടതും ഗവൺമെൻറിന് ഉടമപ്പെട്ടതോ, അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയതുമായ ഒരു ഏകാംഗയോഗത്തിന്നോ, (സഹകരണ സംഘം ഉാംപ്പെടെ)

(4) ഒരു തദ്ദേശാധികാരസ്ഥാനത്തിന്നോ,

ഉടമപ്പെട്ടതോ അതിനാൽ നിയന്ത്രിക്കപ്പെടുകയോ മാനേജ് ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു.

(ഞ) ''ബിരുദധാരി അപ്രൻറീസ്, അല്ലെങ്കിൽ സാങ്കേതികജ്ഞ അപ്രൻറീസ്'' എന്നാൽ, ഗവൺമെൻറിനാൽ അംഗീകരിക്കപ്പെട്ട ഏതെങ്കിലും സ്ഥാപനം നല്കുന്ന എഞ്ചിനീയറിങ്ങിലേയോ സാങ്കേതികവിജ്ഞാനത്തിലേയോ ഒരു ഡിഗ്രിയോ ഡിപ്ലോമയോ, അല്ലെങ്കിൽ തുല്യയോഗ്യതയോ ഉണ്ടായിരിക്കുകയോ ഉണ്ടായിരിക്കാൻ വേണ്ടി പരിശീലനം കഴിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നവനും, എഞ്ചിനീയറിങ്ങിലേയോ സാങ്കേതികവിജ്ഞാനത്തിലേയോ നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും പ്രായോഗിക പ്രവർത്തനമണ്ഡലവിഷയത്തിൽ അപ്രൻറീസ് പരിശീലനം കഴിക്കുന്നവനുമായ അപ്രൻറീസ് എന്ന് അർത്ഥം ആകുന്നു.

(ട) ''വ്യവസായ''ത്തിന്, ഏത് വ്യവസായത്തിലോ ബിസിനസ്സിലോ ആണ് ഏതെങ്കിലും വ്യാപാരമോ ജീവനമോ എഞ്ചിനീയറിങ്ങിലേയോ സാങ്കേതികവിജ്ഞാനത്തിലേയോ ഏതെങ്കിലും പ്രായോഗിക പ്രവർത്തനമണ്ഡലവിഷയമോ, ഒരു നാമനിർദ്ദിഷ്ട വ്യാപാരമായി വിനിർദ്ദേശിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വ്യവസായമോ ബിസിനസ്സോ എന്നർത്ഥമാകുന്നു.

(ഠ) ''ദേശീയസമിതി''യ്ക്ക്, ഇൻഡ്യാ ഗവൺമെൻറിൻെറ തൊഴിൽ മന്ത്രികാര്യാലയത്തിൻെറ (പുനരധിവാസ–നിയോജന ഡയറക്ററേററ് ജനറൽ) 1956 ആഗസ്ററ്, 21–ാം തീയതിയിലെ ററി. ആർ/ഈ. പി–24/56–ാം നമ്പർ പ്രമേയത്താൽ സ്ഥാപിക്കപ്പെട്ട തൊഴിൽസംബന്ധമായ വ്യാപാരങ്ങളിലെ പരിശീലനത്തിനുള്ള ദേശീയസമിതി എന്നർത്ഥമാകുന്നു.

(ഡ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഡഡ) ''പ്രാദേശികബോർഡി''ന്, സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860–ൻ കീഴിൽ ബാംബേയിലോ, കല്ക്കട്ടയിലോ, മദ്രാസിലോ, കാൺപൂരിലോ രജിസ്ററർ ചെയ്യപ്പെടുന്ന ഏതെങ്കിലും അപ്രൻറീസ്ഷിപ്പ് പരിശീലനബോർഡ് എന്നർത്ഥമാകുന്നു.

(ഢ) ''സ്റേററി''ൽ, ഒരു യൂണിയൻ രാജ്യക്ഷേത്രം ഉൾപ്പെടുന്നു;

(ണ) ''സ്റേററ് സമിതി''ക്ക്, സ്റേററ് ഗവൺമെൻറിനാൽ സ്ഥാപിക്കപ്പെടുന്ന തൊഴിൽ സംബന്ധമായ വ്യാപാരങ്ങളിലെ പരിശീലനത്തിനുള്ള സ്റേററ് സമിതി എന്നർത്ഥമാകുന്നു.

(ത) ''സ്റേററ് ഗവൺമെൻറി''ന്, യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതിൻെറ ഭരണകർത്താവ് എന്നർത്ഥമാകുന്നു.

(ഥ) ''വ്യാപാര അപ്രൻറീസി''ന്, നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും വ്യാപാരത്തിലോ ജീവനത്തിലോ അപ്രൻറീസ് ഷിപ്പ് പരിശീലനം കഴിക്കുന്ന അപ്രൻറീസ് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## അപ്രൻറീസുകളും അവരുടെ പരിശീലനവും

3. അപ്രൻറീസായി ഏർപ്പെടുത്തപ്പെടാനുള്ള യോഗ്യതകൾ.—ഏതെങ്കിലും നാമനിർദ്ദിഷ്ട വ്യാപാരത്തിൽ അപ്രൻറീസ് ഷിപ്പ് പരിശീലനം കഴിക്കുന്നതിന്, അപ്രൻറീസായി ഏർപ്പെടുത്തപ്പെടാൻ ഒരാൾ—

(ക) പതിന്നാല് വയസ്സിൽ താഴെയല്ലാത്ത പ്രായമുള്ളവനായിരിക്കുകയും,

(ഖ) വിദ്യാഭ്യാസത്തിൻേറയും ശാരീരികയോഗ്യതയുടേയും നിർണ്ണയിക്കപ്പെടുന്ന മാനകങ്ങൾക്കൊത്തവനായിരിക്കുകയും ചെയ്യാത്തപക്ഷം,

യോഗ്യനായിരിക്കുന്നതല്ല:

എന്നാൽ, അപ്രൻറീസ്ഷിപ്പ് പരിശീലനം സംബന്ധിച്ച് വ്യത്യസ്ത നാമനിർദ്ദിഷ്ട വ്യാപാരങ്ങളിലും അപ്രൻറീസുകളുടെ വ്യത്യസ്ത വിഭാഗങ്ങൾക്കും വ്യത്യസ്ത മാനകങ്ങൾ നിർണ്ണയിക്കപ്പെടാവുന്നതാണ്.

3ക. നാമനിർദ്ദിഷ്ട വ്യാപാരങ്ങളിൽ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും പരിശീലനസ്ഥാനങ്ങൾ റിസർവ്വ് ചെയ്യൽ.—(1) ഏതൊരു നാമനിർദ്ദിഷ്ട വ്യാപാരത്തിലും നിയോജകൻ, പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും പരിശീലനസ്ഥാനങ്ങൾ റിസർവ് ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും റിസർവ്വ് ചെയ്യേണ്ട പരിശീലനസ്ഥാനങ്ങളുടെ എണ്ണം ബന്ധപ്പെട്ട സ്റ്റേറ്റിലെ പട്ടികജാതിക്കാരുടേയും പട്ടികഗോത്രവർഗ്ഗക്കാരുടേയും ജനസംഖ്യപരിഗണിച്ചുകൊണ്ട്, നിർണ്ണയിക്കപ്പെടുന്നതായിരിക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിൽ, "പട്ടികജാതിക്കാർ, പട്ടികഗോത്രവർഗ്ഗക്കാർ" എന്നീ പദങ്ങൾക്ക്, ഭരണഘടന 366-ാം അനുച്ഛേദത്തിലെ (24)-ഉം (25)-ഉം ഖണ്ഡങ്ങളിലുള്ളതുപോലെയുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. <u>അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റ്</u>.—(1) യാതൊരാളേയും, അയാളോ, അയാൾ മൈനറാണെങ്കിൽ, അയാളുടെ രക്ഷാകർത്താവോ നിയോജകനുമായി ഒരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിൽ ഏർപ്പെട്ടിട്ടില്ലാത്തപക്ഷം, ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിൽ അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിക്കുന്നതിന് അപ്രൻറീസായി ഏർപ്പെടുത്തപ്പെടാൻ പാടുള്ളതല്ല.

(2) അപ്രൻറീസ്ഷിപ്പ് പരിശീലനം, (1)-ാം ഉപവകുപ്പിൻകീഴിൽ അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിൽ ഏർപ്പെട്ട തീയതി ആരംഭിച്ചതായി കരുതപ്പെടുന്നതാകുന്നു.

(3) ഏതൊരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിലും കാൺട്രാക്റ്റിലെ കക്ഷികൾ തമ്മിൽ കരാർ ചെയ്യുന്ന നിബന്ധനകളും ഉപാധികളും അടങ്ങിയിരിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു നിബന്ധനയും അല്ലെങ്കിൽ ഉപാധിയും, ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥയോട് അസംഗതമായിരിക്കാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുന്ന ഏതൊരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റും, നിയോജകൻ നിർണ്ണയിക്കപ്പെടുന്ന കാലാവധിയ്ക്കുള്ളിൽ അപ്രൻറീസ്ഷിപ്പ് ഉപദേശകന് രജിസ്ട്രേഷന് അയക്കേണ്ടതാകുന്നു.

(5) ഒരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിൽ അപ്രൻറീസായി വിവരിക്കപ്പെടുന്ന ആൾ, ആ കാൺട്രാക്റ്റിൽ വിനിർദ്ദേശിക്കപ്പെടുന്ന നാമനിർദ്ദിഷ്ട വ്യാപാരത്തിൽ അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിക്കുന്നതിന് അപ്രൻറീസായി ഏർപ്പെടുത്തപ്പെടാൻ, ഈ ആക്റ്റിൻകീഴിൽ യോഗ്യതയുള്ളവനാണെന്ന് ബോദ്ധ്യമാകാത്തപക്ഷം അപ്രൻറീസ്ഷിപ്പ് ഉപദേശകൻ ആ കാൺട്രാക്റ്റ് രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

(6) കേന്ദ്രഗവൺമെൻറ്, കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയുമായി ആലോചിച്ചതിനുശേഷം, അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിക്കുന്ന അപ്രൻറീസുകളുടെ ഏതെങ്കിലും വിഭാഗത്തിൻെറ അങ്ങനെയുള്ള പരിശീലനത്തിൻെറ നിബന്ധനകളും ഉപാധികളും വ്യത്യാസപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ചട്ടം ഉണ്ടാക്കുന്നതായാൽ, അപ്പോൾ, അപ്രൻറീസുകളുടെ ആ വിഭാഗത്തെ സംബന്ധിക്കുന്നതും, അങ്ങനെയുള്ള ചട്ടം ഉണ്ടാക്കുന്നതിനു തൊട്ടുമുമ്പ് നിലവിലുള്ളതുമായ ഏതൊരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിൻേറയും നിബന്ധനകളും ഉപാധികളും, അതനുസരിച്ച് രൂപഭേദപ്പെടുത്തപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

5. <u>അപ്രൻറീസ് കാൺട്രാക്റ്റ് പുതുക്കൽ</u>.—ഏത് നിയോജകനുമായാണോ ഒരു അപ്രൻറീസ്ഷിപ്പ് കാൺട്രാക്റ്റിൽ ഏർപ്പെട്ടിട്ടുള്ളത്, ആ നിയോജകന് ഏതെങ്കിലും കാരണത്താൽ കാൺട്രാക്റ്റിലെ തൻെറ കടപ്പാടുകൾ നിറവേറ്റാൻ കഴിയാതിരിക്കുകയും, അപ്രൻറീസ്, അപ്രൻറീസ് പരിശീലന

കാലത്തിൻെറ കഴിയാൻ ബാക്കിയുള്ള ഭാഗം മറേറതെങ്കിലും നിയോജകൻെറ കീഴിൽ അപ്രൻറീസ് ആയി ഏർപ്പെടുത്തപ്പെടേണ്ടതാണെന്ന് നിയോജകനും അപ്രൻറീസും, അല്ലെങ്കിൽ അയാളുടെ രക്ഷാകർത്താവും ആ മറേറ നിയോജകനും തമ്മിൽ അപ്രൻറീസ് ഉപദേശകൻെറ അംഗീകാരത്തോടുകൂടി കരാർ ചെയ്യുകയും ചെയ്യുന്നിടത്ത്, ആ കരാർ, അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ അടുക്കൽ രജിസ്ററർ ചെയ്യുന്നതോടെ, അപ്രൻറീസും അല്ലെങ്കിൽ അയാളുടെ രക്ഷാകർത്താവും ആ മറേറ നിയോജകനും തമ്മിലുള്ള അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററായി കരുതപ്പെടുന്നതും, അങ്ങനെയുള്ള രജിസ്ട്രേഷൻെറ തീയതിയും തീയതി മുതല്ക്കും ആദ്യത്തെ നിയോജകനുമായുള്ള അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ് അവസാനിക്കുന്നതും, ആ കാൺട്രാക്ററിൻകീഴിലുള്ള യാതൊരു കടപ്പാടും, കാൺട്രാക്ററിലെ ഏതെങ്കിലും കക്ഷിയുടെ അർത്ഥനയിൻമേൽ അതിലെ മറേറകക്ഷിക്കെതിരായി പ്രാവർത്തികമാക്കാവുന്നതല്ലാത്തതും ആണ്.

6. <u>അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി.</u>—അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി താഴെപറയുംപ്രകാരമായിരിക്കുന്നതും, അത് അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിൽ വിനിർദ്ദേശിക്കപ്പെടേണ്ടതുമാകുന്നു:—

(ക) ദേശീയ സമിതിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സ്കൂളിലോ മററു സംസ്ഥാപനത്തിലോ സംസ്ഥാപനാത്മകമായ പരിശീലനം കഴിഞ്ഞിരിക്കെ, ആ സമിതിയോ സമിതിയാൽ അംഗീകരിക്കപ്പെട്ട ഒരു സംസ്ഥാപനമോ നടത്തുന്ന വ്യാപാരടെസ്ററുകൾ പാസ്സായിട്ടുള്ള വ്യാപാര അപ്രൻറീസുകളുടെ സംഗതിയിൽ അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി ആ സമിതിയാലോ ആ സമിതിയാൽ അംഗീകരിക്കപ്പെട്ട ഒരു സംസ്ഥാപനത്താലോ ഒഴിവാക്കുന്നതായിരിക്കുന്നതാണ്.

(കക) സാങ്കേതിക വിദ്യാഭ്യാസബോർഡിനോടോ, സാങ്കേതിക വിദ്യാഭ്യാസ സ്റേററ് സമിതിയോടോ കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്കു വിനിർദ്ദേശിക്കുന്ന, മറേറതെങ്കിലും അധികാരസ്ഥാനത്തോടോ അഫിലിയേററ് ചെയ്യപ്പെടുകയോ, അതിനാൽ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഒരു സ്കൂളിലോ മററു സംസ്ഥാപനത്തിലോ സംസ്ഥാപനാത്മകമായ പരിശീലനം കഴിച്ചിരിക്കെ, ആ ബോർഡോ സ്റേററ് സമിതിയോ അധികാരസ്ഥാനമോ നടത്തുന്ന വ്യാപാര ടെസ്ററുകൾ പാസ്സായിട്ടുള്ള വ്യാപാര അപ്രൻറീസുകളുടെ സംഗതിയിൽ, അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി നിർണ്ണയിക്കപ്പെടുന്നതായിരിക്കുന്നതാണ്.

(ഖ) മററുവ്യാപാര അപ്രൻറിസുകളുടെ സംഗതിയിൽ, അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി നിർണ്ണയിക്കപ്പെടുന്നതായിരിക്കുന്നതാണ്.

(ഗ) ബിരുദധാരി അപ്രൻറീസുകളുടെ, അല്ലെങ്കിൽ സാങ്കേതികജ്ഞ അപ്രൻറീസുകളുടെ സംഗതിയിൽ, അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി നിർണ്ണയിക്കപ്പെടുന്നതായിരിക്കുന്നതാണ്.

7. <u>അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ് അവസാനിക്കുന്നത്.</u>—(1) അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററ്, അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ കാലാവധി കഴിയുന്നതോടെ അവസാനിക്കുന്നതാണ്.

(2) അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിലെ ഇരുകകക്ഷികളിൽ ആർക്കെങ്കിലും കാൺട്രാക്ററ് അവസാനിപ്പിക്കാനായി അപ്രൻറീസ്ഷിപ്പ് ഉപദേശകന് അപേക്ഷ കൊടുക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷ കൊടുക്കുമ്പോൾ, അതിൻെറ ഒരു പകർപ്പ് പോസ്ററുവഴി കാൺട്രാക്ററിലെ മറേറ കക്ഷിക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

(3) അപേക്ഷയുടെ ഉള്ളടക്കവും മറേറകക്ഷി, ആക്ഷേപങ്ങൾ വല്ലതും ഫയൽചെയ്തിട്ടുണ്ടെങ്കിൽ, അവയും പരിഗണിച്ചതിനുശേഷം, കാൺട്രാക്ററിലെ കക്ഷികളോ, അവരിൽ ആരെങ്കിലുമോ കാൺട്രാക്ററിലെ നിബന്ധനകളും ഉപാധികളും നിർവ്വഹിക്കാതിരുന്നിട്ടുണ്ടെന്നും കാൺട്രാക്ററ് അവസാനിപ്പിക്കുന്നത്, കക്ഷികളുടേയോ അവരിൽ ആരുടേയെങ്കിലുമോ താത്പര്യത്തിനു അഭിലഷണീയമാണെന്നും തനിക്കു ബോദ്ധ്യപ്പെടുന്നുവെങ്കിൽ അപ്രൻറീസ്ഷിപ്പ് ഉപദേശകന്, ലിഖിതമായ ഉത്തരവുവഴി അത് അവസാനിപ്പിക്കാവുന്നതാണ്:

എന്നാൽ, ഒരു കാൺട്രാക്ററ് അവസാനിപ്പിക്കുന്നത്,—

(ക) നിയോജകൻെറ ഭാഗത്തുനിന്ന് കാൺട്രാക്ററിലെ നിബന്ധനകളും ഉപാധികളും നിർവ്വഹിക്കാത്തതിനായിരിക്കുന്നിടത്ത്, നിയോജകൻ അപ്രൻറീസിന് നിർണ്ണയിക്കപ്പെടുന്ന നഷ്ടപരിഹാരം കൊടുക്കേണ്ടതും;

(ഖ) അപ്രൻറീസിൻെറ ഭാഗത്തെ, അങ്ങനെയുള്ള നിർവ്വഹിക്കാതിരിക്കലിനായിരിക്കുന്നിടത്ത്, അപ്രൻറീസോ അയാളുടെ രക്ഷാകർത്താവോ പരിശീലനച്ചെലവായി അപ്രൻറീസ്ഷിപ്പ് ഉപദേശകൻ നിശ്ചയിക്കുന്ന തുക നിയോജകനു തിരിയെ കൊടുക്കേണ്ടതും,

ആകുന്നു.

8. <u>ഒരു നാമനിർദ്ദിഷ്ടവ്യാപാരത്തിലുള്ള അപ്രൻറീസുകളുടെ എണ്ണം.</u>—(1) കേന്ദ്രഗവൺമെൻറ് കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയുമായി ആലോചിച്ചതിനുശേഷം, ഓരോ നാമനിർദ്ദിഷ്ട വ്യാപാരത്തിനും, ആ വ്യാപാരത്തിലെ വ്യാപാര അപ്രൻറീസുകളും അവിദഗ്ദ്ധതൊഴിലാളികളല്ലാത്ത തൊഴിലാളികളും തമ്മിലുള്ള അനുപാതം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനത്തിൽ ചെയ്യുന്ന ഉത്തരവുവഴി, നിശ്ചയിക്കേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, ഈ ഉപവകുപ്പിൻ കീഴിൽ നിശ്ചയിക്കപ്പെടുന്ന അനുപാതത്തിൽ കവിഞ്ഞത്ര വ്യാപാര അപ്രൻറീസുകളെ ഏർപ്പെടുത്തുന്നതിൽനിന്ന് ഏതെങ്കിലും നിയോജകനെ തടയുന്നതായി കരുതപ്പെടുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ അനുപാതം നിശ്ചയിക്കുന്നതിൽ കേന്ദ്രഗവൺമെൻറ്, ബന്ധപ്പെട്ട നാമനിർദ്ദിഷ്ട വ്യാപാരത്തിൽ ഈ ആക്ററിൻകീഴിലെ അപ്രൻറീസ്ഷിപ്പ് പരിശീലനത്തിന് ലഭ്യമായ സൗകര്യങ്ങളും, കൂടാതെ ബിരുദധാരി അപ്രൻറീസുകളോ സാങ്കേതികജ്ഞ അപ്രൻറീസുകളോ വല്ലവരും ഉണ്ടെങ്കിൽ, അവരുടെ പരിശീലനത്തിനായി നിയോജകൻ അയാൾക്ക് കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ, ആ ഉപവകുപ്പിൽ പരാമർശിക്കുന്ന മററ് ആളോ (3ക) ഉപവകുപ്പിൻകീഴിൽ നല്കുന്ന ഏതെങ്കിലും നോട്ടീസ് അനുസരിച്ച് ലഭ്യമാക്കേണ്ട സൗകര്യങ്ങളും പരിഗണിക്കേണ്ടതാകുന്നു.

(3) അപ്രൻറീസ്ഷിപ്പ് ഉപദേശകന്, ഒരു നിയോജകനോട്, അയാളുടെ സ്ഥാപനത്തിൽ കേന്ദ്രഗവൺമെൻറ് ഏതെങ്കിലും നാമനിർദ്ദിഷ്ട വ്യാപാരത്തിന് നിശ്ചയിക്കുന്ന അനുപാതത്തിനുള്ളിൽ വരുന്നത്ര വ്യാപാര

അപ്രൻറീസുകളെ, ആ വ്യാപാരത്തിൽ അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിക്കാനായി ഏർപ്പെടുത്തണമെന്ന് ലിഖിതമായി നോട്ടീസുവഴി ആവശ്യപ്പെടാവുന്നതും, നിയോജകൻ അങ്ങനെയുള്ള ആവശ്യപ്പെടൽ അനുസരിച്ച് പ്രവൃത്തിക്കേണ്ടതും ആകുന്നു :

എന്നാൽ, ഈ ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും ആവശ്യപ്പെടലിൽ അപ്രൻറീസ്ഷിപ്പ് ഉപദേശകൻ ബന്ധപ്പെട്ട സ്ഥാപനത്തിൽ യഥാർത്ഥത്തിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

(3ക) കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ ഇതിലേക്ക് കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകൻ ലിഖിതമായി പ്രാധികാരപ്പെടുത്തുന്നതും അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ പദവിക്കു താഴെയല്ലാത്തതുമായ മറേറതെങ്കിലും ആളോ,—

(i) ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള മാനേജരുടെ നിലയിലുള്ള ആളുകളുടെ (സാങ്കേതികജ്ഞരും മേൽനോട്ടക്കാരുമായ ആളുകൾ ഉൾപ്പെടെ) എണ്ണവും ;

(ii) സ്ഥാപനത്തിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള മാനേജ്മെൻറ് പരിശീലനാർത്ഥികളുടെ എണ്ണവും ;

(iii) ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിൽ ലഭ്യമായ ഒട്ടാകെയുള്ള പരിശീലന സൗകര്യങ്ങളും ;

(iv) സംഗതിയുടെ പരിത:സ്ഥിതികളിൽ, യുക്തമെന്ന് അയാൾ കരുതുന്ന മററു കാര്യങ്ങളും ;

പരിഗണിച്ചുകൊണ്ട്, ലിഖിതമായ നോട്ടീസ്വഴി, നിയോജകനോട് അയാളുടെ സ്ഥാപനത്തിലെ അങ്ങനെയുള്ള വ്യാപാരത്തിൽ അങ്ങനെയുള്ള നോട്ടീസിൽ വിനിർദ്ദേശിക്കുന്നത്ര ബിരുദധാരി അപ്രൻറീസുകൾക്കോ സാങ്കേതികജ്ഞ അപ്രൻറീസുകൾക്കോ പരിശീലനം നല്കാൻ ആവശ്യപ്പെടേണ്ടതും ; അങ്ങനെയുള്ള ആവശ്യപ്പെടൽ അനുസരിച്ച് നിയോജകൻ പ്രവർത്തിക്കേണ്ടതുമാകുന്നു.

വിശദീകരണം:—ഈ ഉപവകുപ്പിൽ "മാനേജ്മെൻറ് പരിശീലനാർത്ഥി" എന്ന പദത്തിന്, ഒരു നിയോജകൻ അയാളുടെ സ്ഥാപനത്തിൽ (ഈ ആക്ററിൻ കീഴിലെ അപ്രൻറീസ്ഷിപ്പ് പരിശീലനമല്ലാത്ത) ഒരു പരിശീലന കോഴ്സ്, കഴിക്കാനായി അങ്ങനെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതിൻമേൽ, അങ്ങനെയുള്ള ആളെ നിയോജകൻ മുറയ്ക്കുള്ള അടിസ്ഥാനത്തിൽ നിയോജിക്കുമെന്ന ഉപാധിക്കു വിധേയമായി, ഏർപ്പെടുത്തുന്ന ആൾ എന്നർത്ഥമാകുന്നു ;

(4) തങ്ങളുടെ കീഴിലെ അപ്രൻറീസുകളെ, തങ്ങളുടെ യഥാക്രമമുള്ള സ്ഥാപനങ്ങൾക്കിടയിൽ മാററിക്കൊണ്ട് അവർക്ക് പ്രായോഗികപരിശീലനം നല്കുന്നതിനുവേണ്ടി പല നിയോജകൻമാർക്കും കൂടിച്ചേരാവുന്നതാണ്.

(5) പൊതുജനതാത്പര്യം പരിഗണിച്ച് സമുചിത ഗവൺമെൻറിൻെറ അഭിപ്രായത്തിൽ കേന്ദ്രഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള അനുപാതത്തിൽ കവിയുന്നതോ (3ക) ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു നോട്ടീസിൽ വിനിർദ്ദേശിച്ച എണ്ണത്തിൽ കവിയുന്നതോ ആയത്ര അപ്രൻറീസുകളെ പരിശീലിപ്പിക്കേണ്ടതായിട്ടുള്ളിടത്ത്, സമുചിത ഗവൺമെൻറിന്, ആ കൂടുതലായത്ര അപ്രൻറീസുകളെ പരിശീലിപ്പിക്കാൻ നിയോജകരോട് ആവശ്യപ്പെടാവുന്നതാണ്.

(6) ഏതൊരു നിയോജകനോടാണോ, മുൻപറഞ്ഞ്രപകാരം ആവശ്യപ്പെട്ടിട്ടുള്ളത്, ആ നിയോജകൻ, കൂടുതലായ്രത അ്രപൻറീസുകളുടെ പരിശീലനത്തിന് ആവശ്യകമാണെന്ന് അ്രപൻറീസ്ഷിപ്പ് ഉപദേശകൻ കരുതുന്ന കൂടുതൽ സൗകര്യങ്ങളും കൂടുതൽ ധനസഹായവും ബന്ധപ്പെട്ട ഗവൺമെൻറ് ലഭ്യമാക്കുന്നുവെങ്കിൽ, ആ ആവശ്യപ്പെടൽ അനുസരിച്ച് ്രപവർത്തിക്കേണ്ടതാകുന്നു.

(7) (6)-ാം ഉപവകുപ്പിൻകീഴിലെ അ്രപൻറീസ് ഉപദേശകൻെറ തീരുമാനത്താൽ തൃപ്തിപ്പെടാത്ത ഏതെങ്കിലും നിയോജകന്, കേന്്രദ അ്രപൻറീസ്ഷിപ്പ് സമിതിക്ക് റഫറൻസ് കൊടുക്കാവുന്നതും, അങ്ങനെയുള്ള റഫറൻസ്, അതിലേക്ക് സമിതി നിയമിക്കുന്ന അതിൻെറ ഒരു കമ്മിററിയാൽ തീരുമാനിക്കപ്പെടുന്നതും, ആ കമ്മിററിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

9. <u>അ്രപൻറീസുകളുടെ ്രപായോഗിക പരിശീലനവും അടിസ്ഥാന പരിശീലനവും.</u>—(1) ഏതൊരു നിയോജകനും, താൻ ഏർപ്പെടുത്തുന്ന ഏതൊരു അ്രപൻറീസിനും, അ്രപൻറീസ്ഷിപ്പ് ഉപദേശകനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പരിപാടിയനുസരിച്ച് ഒരു ്രപായോഗിക പരിശീലനകോഴ്സ് നല്കുന്നതിന് പററിയ ഏർപ്പാടുകൾ തൻെറ വർക്ക്ഷാപ്പിൽ ചെയ്യേണ്ടതാകുന്നു.

(2) കേന്്രദ അ്രപൻറീസ്ഷിപ്പ് ഉപദേശകനോ ഇതിലേക്ക് കേന്്രദ അ്രപൻറീസ്ഷിപ്പ് ഉപദേശകൻ ലിഖിതമായി ്രപാധികാരപ്പെടുത്തുന്നതും, അസിസ്ററൻറ് അ്രപൻറീസ്ഷിപ്പ് ഉപദേശകൻെറ പദവിക്കുതാഴെയല്ലാത്തതുമായ മറേറതെങ്കിലും ആൾക്കോ അങ്ങനെയുള്ള ഓരോ അ്രപൻറീസിനേയും, അയാളുടെ ്രപവൃത്തി പരീക്ഷിച്ചുനോക്കുകയും ്രപായോഗിക പരിശീലനം നല്കിക്കൊണ്ടിരിക്കുന്നത് അംഗീകൃത പരിപാടി അനുസരിച്ച് ആണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന ലക്ഷ്യത്തോടെ സമീപിക്കുന്നതിനുള്ള ന്യായമായ എല്ലാ സൗകര്യങ്ങളും നല്കേണ്ടതാണ്:

എന്നാൽ, ഏതു സ്ഥാപനങ്ങളെ സംബന്ധിച്ചാണോ സമുചിത ഗവൺമെൻറ്, സ്റേററ് ഗവൺമെൻറ് ആയിരിക്കുന്നത്, ആ സ്ഥാപനങ്ങളിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന അ്രപൻറീസുകളെ സംബന്ധിച്ച്, സ്റേററ് അ്രപൻറീസ്ഷിപ്പ് ഉപദേശകനോ, ഇതിലേക്ക് സ്റേററ് അ്രപൻറീസ്ഷിപ്പ് ഉപദേശകൻ ലിഖിതമായി ്രപാധികാരപ്പെടുത്തുന്നതും, അസിസ്ററൻറ് അ്രപൻറീസ്ഷിപ്പ് ഉപദേശകൻെറ പദവിക്കു താഴെയല്ലാത്തതും ആയ മറേറതെങ്കിലും ആൾക്കോ കൂടി അങ്ങനെയുള്ള സൗകര്യങ്ങൾ നല്കേണ്ടതാകുന്നു.

(3) വ്യാപാര അ്രപൻറീസുകളിൽ ദേശീയ സമിതിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സ്ക്കൂളിലോ മററു സംസ്ഥാപനത്തിലോ, അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ ബോർഡിനോടോ സാങ്കേതിക വിദ്യാഭ്യാസ സമിതിയോടോ കേന്്രദഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനത്തോടോ അഫിലിയേററ് ചെയ്യപ്പെടുകയോ, അതിനാൽ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടുള്ള മറേറതെങ്കിലും സംസ്ഥാപനത്തിലോ സംസ്ഥാപനാത്മകമായ പരിശീലനം കഴിച്ചിട്ടില്ലാത്തവർ വർക്ക്ഷാപ്പിൽ ്രപായോഗിക പരിശീലനത്തിനുള്ള ്രപവേശനത്തിനു മുൻപ്, ഒരു അടിസ്ഥാന പരിശീലനകോഴ്സ് കഴിക്കേണ്ടതാകുന്നു.

(4) ഒരു നിയോജകൻ തൻെറ സ്ഥാപനത്തിൽ അഞ്ഞൂറോ അതിലധികമോ തൊഴിലാളികളെ നിയോജിക്കുന്നിടത്ത്, വ്യാപാര അ്രപൻറീസുകൾക്ക് അടിസ്ഥാനപരിശീലനം, വർക്ക്ഷാപ്പ് കെട്ടിടത്തിൻെറ ്രപത്യേകഭാഗങ്ങളിലോ അല്ലെങ്കിൽ നിയോജകൻതന്നെ ഏർപ്പെടുത്തുന്ന ഒരു ്രപത്യേക കെട്ടിടത്തിലോ വച്ച് നല്കേണ്ടതും, എന്നാൽ സമുചിത ഗവൺമെൻറിന് നിയോജകന്, അങ്ങനെയുള്ള ്രപത്യേക കെട്ടിടത്തിനുള്ള ഭൂമിയുടേയും, നിർമ്മാണത്തിൻേറയും

സജ്ജീകരണങ്ങളുടേയും ചെലവ് നേരിടുന്നതിന് എളുതായ നിബന്ധനകളിൻമേലും എളുപ്പമുള്ള തവണകളായും അടച്ചുതീർക്കാവുന്നതുമായ കടങ്ങൾ അനുവദിക്കാവുന്നതുമാണ്.

(4ക) (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അഞ്ഞൂറോ അതിലധികമോ തൊഴിലാളികൾ നിയോജിക്കപ്പെടുന്ന ഏതെങ്കിലും സ്ഥാപനത്തിൽ പരിശീലനം കഴിപ്പിക്കേണ്ട അപ്രൻറീസുകളുടെ എണ്ണം പന്ത്രണ്ടിൽ കുറവാണെങ്കിൽ, ആ സ്ഥാപനം സംബന്ധിച്ച നിയോജകന്, അങ്ങനെയുള്ള എല്ലാ അപ്രൻറീസുകളേയുമോ അവരിൽ ആരേയെങ്കിലുമോ, ഏതെങ്കിലും നാമനിർദ്ദിഷ്ട വ്യാപാരത്തിലെ ഏതെങ്കിലും അടിസ്ഥാന പരിശീലനകേന്ദ്രത്തിലേക്കോ, അടിസ്ഥാന പരിശീലനത്തിനുള്ള വ്യാവസായിക പരിശീലന ഇൻസ്ററിട്യൂട്ടിലേക്കോ—രണ്ടിലേതായാലും ഗവൺമെൻറ് നടത്തുന്നത്—നിയോഗിക്കാവുന്നതാണ്.

(4ഖ) ഒരു നിയോജകൻ (4ക) ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും അപ്രൻറീസിനെ നിയോജിക്കുന്നിടത്ത്, അങ്ങനെയുള്ള നിയോജകൻ, അങ്ങനെയുള്ള പരിശീലനത്തിന് ഗവൺമെൻറിനു നേരിടുന്ന ചെലവുകൾ കേന്ദ്ര ഗവൺമെൻറ് വിനിർദ്ദേശിക്കുന്ന നിരക്കിൽ ഗവൺമെൻറിന് കൊടുക്കേണ്ടതാകുന്നു.

(5) ഒരു നിയോജകൻ തൻെറ സ്ഥാപനത്തിൽ അഞ്ഞൂറിൽകുറഞ്ഞ തൊഴിലാളികളെ നിയോജിക്കുന്നിടത്ത്, വ്യാപാര അപ്രൻറീസുകൾക്ക് അടിസ്ഥാനപരിശീലനം ഗവൺമെൻറ് ഏർപ്പെടുത്തുന്ന പരിശീലന ഇൻസ്ററിററ്യൂട്ടുകളിൽ നല്കേണ്ടതാകുന്നു.

(6) രണ്ടോ അതിലധികമോ നിയോജകൻമാരാൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള വ്യാപാര അപ്രൻറീസുകൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും പരിശീലന ഇൻസ്ററിററ്യൂട്ടിൽ അടിസ്ഥാനപരിശീലനം നല്കാവുന്നതും, അങ്ങനെയുള്ള പരിശീലന ഇൻസ്ററിററ്യൂട്ട് ആ പ്രദേശത്തെ ഏററവും പററിയ സ്ഥാപനത്തിൻെറ കെട്ടിട പരിസരങ്ങൾക്കുള്ളിലോ മറേറതെങ്കിലും സൗകര്യപ്രദമായ സ്ഥലത്തോ സ്ഥിതിചെയ്യേണ്ടതും ആകുന്നു.

(7) ബിരുദധാരി അപ്രൻറീസോ സാങ്കേതിക അപ്രൻറീസോ അല്ലാത്ത അപ്രൻറീസിൻെറ സംഗതിയിൽ അടിസ്ഥാന പരിശീലനം ഉൾപ്പെടെയുള്ള പ്രായോഗിക പരിശീലനത്തിൻെറ സിലബസ്സും, അതിന് ഉപയോഗപ്പെടുത്തേണ്ട സജ്ജീകരണവും കേന്ദ്ര ഗവൺമെൻറ് കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയുമായി ആലോചിച്ച് അംഗീകരിക്കുന്നവയായിരിക്കുന്നതാണ്.

(7ക) ബിരുദധാരി അപ്രൻറീസുകളുടേയോ സാങ്കേതികജ്ഞ അപ്രൻറീസുകളുടേയോ സംഗതിയിൽ, ആപ്രൻറീസ്ഷിപ്പ് പരിശീലനപരിപാടിയും ഇഞ്ചിനീയറിങ്ങിലേയോ സാങ്കേതിക ശാസ്ത്രത്തിലേയോ ഏതെങ്കിലും പ്രായോഗിക പ്രവർത്തനമണ്ഡലവിഷയത്തിലെ പരിശീലനത്തിന് വേണ്ട സൗകര്യങ്ങളും, കേന്ദ്ര ഗവൺമെൻറ് കേന്ദ്ര അപ്രൻറീസ് സമിതിയുമായി ആലോചിച്ച് അംഗീകരിക്കുന്നവയായിരിക്കുന്നതാണ്.

(8) (ക) 8-ാം വകുപ്പ് (ക) ഖണ്ഡത്തിലോ (കക) ഖണ്ഡത്തിലോ പരാമർശിച്ചവയല്ലാത്ത വ്യാപാര അപ്രൻറീസുകൾക്കു നല്കുന്ന അടിസ്ഥാന പരിശീലനം ഉൾപ്പെടെയുള്ള പ്രായോഗിക പരിശീലനംസംബന്ധിച്ച് ഒരു നിയോജകന് നേരിടുന്ന ആവർത്തകച്ചെലവുകൾ (സ്റൈറപ്പൻഡുകളുടെ ചെലവുൾപ്പെടെ)—

(i) അങ്ങനെയുള്ള നിയോജകൻ, അഞ്ഞൂറോ അതിലധികമോ തൊഴിലാളികളെ നിയോജിക്കുന്നുവെങ്കിൽ, നിയോജകനും;

(ii) അങ്ങനെയുള്ള നിയോജകൻ അഞ്ഞൂറിൽ കുറഞ്ഞ തൊഴിലാളികളെ നിയോജിക്കുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെൻറ് നിശ്ചയിക്കുന്ന പരിധിവരെ നിയോജകനും ഗവൺമെൻറും സമ ഓഹരികളിലും, ആ പരിധിക്കപ്പുറം, നിയോജകൻ തനിച്ചും,

വഹിക്കേണ്ടതും;

(ഖ) 6-ാം വകുപ്പ് (ക) ഖണ്ഡത്തിലോ (കക) ഖണ്ഡത്തിലോ പരാമർശിച്ച വ്യാപാര അപ്രൻറീസുകാർക്ക് നല്കുന്ന അടിസ്ഥാന പരിശീലനം ഉൾപ്പെടെയുള്ള പ്രായോഗിക പരിശീലനം സംബന്ധിച്ച് ഒരു നിയോജകന് നേരിടുന്ന ആവർത്തകച്ചെലവുകൾ (സ്റ്റൈപ്പെൻഡുകളുടെ ചെലവുൾപ്പെടെ) വല്ലതും ഉണ്ടെങ്കിൽ, അവ ഏതു സംഗതിയിലും നിയോജകൻ വഹിക്കേണ്ടതും;

(ഗ) ബിരുദധാരി അപ്രൻറീസുകാർക്കോ സാങ്കേതികജ്ഞ അപ്രൻറീസുകാർക്കോ നല്കുന്ന പ്രായോഗിക പരിശീലനം സംബന്ധിച്ച്, ഒരു നിയോജകന് നേരിടുന്ന ആവർത്തകച്ചെലവുകൾ (സ്റ്റൈപ്പെൻഡുകളുടെ ചെലവു ഒഴിച്ചുനിറുത്തിക്കൊണ്ടുള്ളത്) നിയോജകൻ വഹിക്കേണ്ടതും, സ്റ്റൈപ്പെൻഡുകളുടെ ചെലവ് കേന്ദ്ര ഗവൺമെൻറ് നിശ്ചയിക്കുന്ന പരിധിവരെ നിയോജകനും, ഗവൺമെൻറും സമ ഓഹരികളിലും, ആ പരിധിക്കപ്പുറം നിയോജകൻ തനിച്ചും, വഹിക്കേണ്ടതും,

ആകുന്നു.

10. അപ്രൻറീസുകാർക്ക് സംബന്ധിതബോധനം.—(1) ഒരു സ്ഥാപനത്തിൽ പ്രായോഗിക പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യാപാര അപ്രൻറീസിന്, പ്രായോഗികപരിശീലനകാലത്ത് ഒരു വിദഗ്ദ്ധശില്പി എന്ന നിലയിൽ പൂർണ്ണയോഗ്യതയുള്ളവനായിത്തീരാൻ ആവശ്യമുള്ള സിദ്ധാന്തപരമായ ജ്ഞാനം വ്യാപാര അപ്രൻറീസിന് നല്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രഗവൺമെൻറ്, കേന്ദ്ര അപ്രൻറീസ് സമിതിയുമായി ആലോചിച്ച് അംഗീകരിക്കുന്ന (വ്യാപാരത്തിന് അനുയോജ്യമായ) ഒരു സംബന്ധിത ബോധന കോഴ്സ് നല്കപ്പെടേണ്ടതാകുന്നു.

(2) സംബന്ധിത ബോധനം സമുചിതഗവൺമെൻറിൻെറ ചെലവിൽ നല്കേണ്ടതും, എന്നാൽ അങ്ങനെയുള്ള ബോധനം നല്കുന്നതിന് എല്ലാ സൗകര്യങ്ങളും ആവശ്യപ്പെടുമ്പോൾ, നിയോജകൻ ചെയ്തുകൊടുക്കേണ്ടതുമാണ്.

(3) ഒരു അപ്രൻറീസ്, സംബന്ധിത ബോധനക്ലാസുകളിൽ ഹാജരാകുന്നതിൽ ചെലവഴിക്കുന്ന ഏതെങ്കിലും സമയം, അയാളുടെ ശമ്പളമുള്ള പ്രവൃത്തിക്കാലത്തിൻെറ ഭാഗമായി കണക്കാക്കപ്പെടുന്നതാണ്.

(4) ഒരു സംസ്ഥാപനാത്മക പരിശീലനകോഴ്സ് കഴിച്ചതിനുശേഷം, ദേശീയസമിതി നടത്തുന്ന വ്യാപാര ടെസ്റ്റുകൾ പാസ്സായിരിക്കുകയോ, അല്ലെങ്കിൽ സാങ്കേതികവിദ്യാഭ്യാസബോർഡോ, സാങ്കേതിക വിദ്യാഭ്യാസ സ്റ്റേററ് സമിതിയോ, കേന്ദ്രഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്കു വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനമോ നടത്തുന്ന വ്യാപാര ടെസ്റ്റുകളും പരീക്ഷകളും പാസ്സായിരിക്കുകയോ ചെയ്യുന്ന വ്യാപാര അപ്രൻറീസുകളുടെ സംഗതിയിൽ, സംബന്ധിത ബോധനം നിർണ്ണയിക്കപ്പെടുന്ന വിധമുള്ള ചുരുങ്ങിയതോ രൂപഭേദപ്പെടുത്തിയതോ ആയ തോതിൽ നല്കാവുന്നതാണ്.

(5) ഏതെങ്കിലും ആരം, ഒരു സാങ്കേതികസംസ്ഥാപനത്തിലെ തന്റെ കോഴ്സിന്നിടയ്ക്ക് ഒരു ബിരുദധാരി അപ്രൻറീസോ സാങ്കേതികജ്ഞ അപ്രൻറീസോ ആയിത്തീർന്നിരിക്കുകയും, തന്റെ അപ്രൻറീസ് പരിശീലനത്തിന്നിടയ്ക്ക്, അയാരംക്ക് സംബന്ധിത ബോധനം ലഭിക്കേണ്ടതായിരിക്കുകയും ചെയ്യുന്നിടത്ത്, നിയോജകൻ അങ്ങനെയുള്ള സംസ്ഥാപനത്തിൽ സംബന്ധിതബോധനം ലഭിക്കാനായി, അയാളെ പ്രായോഗികപരിശീലനത്തിൽനിന്ന്, കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകൻ ലിഖിതമായി ഇതിലേയ്ക്കു പ്രാധികാരപ്പെടുത്തുന്നതും അസിസ്ററൻറ് അപ്രൻറീസ് ഷിപ്പ് ഉപദേശകന്റെ പദവിയിൽ താഴെയല്ലാത്തതും ആയ മററേതെങ്കിലും ആളോ, വിനിർദ്ദേശിക്കുന്ന കാലത്തേയ്ക്ക് വിമോചിപ്പിക്കേണ്ടതാകുന്നു.

11. നിയോജകന്മാരുടെ കടപ്പാടുകരം.— ഈ ആക്ററിലെ മററുവ്യവസ്ഥകരംക്കു ഭംഗംവരാത്തവിധം ഏതൊരു നിയോജകനും, ഒരു അപ്രൻറീസിനെ സംബന്ധിച്ച് താഴെ പറയുന്ന കടപ്പാടുകരം ഉണ്ടായിരിക്കുന്നതാണ്; അതായത്:—

(ക) അപ്രൻറീസിന് അയാളുടെ വ്യാപാരത്തിൽ, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകരംക്ക് അനുസരിച്ചുള്ള പരിശീലനം നല്കൽ;

(ഖ) നിയോജകൻ സ്വയം ആ വ്യാപാരത്തിൽ യോഗ്യതയുള്ളവനല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന യോഗ്യതകളുള്ള ഒരാളെ അപ്രൻറീസിന്റെ പരിശീലനത്തിന്റെ ചാർജ്ജിൽ വയ്ക്കുന്നത് ഉറപ്പുവരുത്തൽ;

(ഗ) അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിൻകീഴിലെ തന്റെ കടപ്പാടുകരം നിർവഹിക്കൽ.

12. അപ്രൻറീസുകളുടെ കടപ്പാടുകരം.—(1) അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന ഏതൊരു വ്യാപാര അപ്രൻറീസിനും താഴെ പറയുന്ന കടപ്പാടുകരം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) തന്റെ വ്യാപാരം മന:സാക്ഷിയെ മുൻനിറുത്തിയും ശ്രദ്ധാപൂർവ്വവും പഠിക്കുകയും, പരിശീലനത്തിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് താൻ വിദഗ്ദ്ധശില്പിയെന്ന നിലയിൽ യോഗ്യതയുള്ളവനാവുകയും ചെയ്യാൻ യത്നിക്കൽ;

(ഖ) പ്രാക്ററിക്കൽ ക്ലാസ്സുകളിലും ബോധനക്ലാസ്സുകളിലും മുറയ്ക്ക് ഹാജരാകൽ;

(ഗ) തന്റെ നിയോജകന്റേയും, ആ സ്ഥാപനത്തിലെ മേലധികാരികളുടേയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും നടപ്പാക്കൽ;

(ഘ) അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിൻ കീഴിലെ തന്റെ കടപ്പാടുകരം നിർവ്വഹിക്കൽ;

(2) അപ്രൻറീസ് പരിശീലനം കഴിക്കുന്ന ഏതൊരു ബിരുദധാരി അപ്രൻറീസിനും സാങ്കേതികജ്ഞ അപ്രൻറീസിനും താഴെ പറയുന്ന കടപ്പാടുകരം ഉണ്ടായിരിക്കുന്നതാണ്; അതായത്:—

(ക) ഇഞ്ചിനീയറിങ്ങിലേയോ സാങ്കേതിക ശാസ്ത്രത്തിലേയോ തന്റെ പ്രായോഗിക പ്രവർത്തനമണ്ഡലവിഷയം മന:സാക്ഷിയെ മുൻനിറുത്തിയും ശ്രദ്ധാപൂർവ്വവും തന്റെ പരിശീലനസ്ഥലത്തു വച്ച് പഠിക്കൽ;

(ഖ) പ്രാക്ററിക്കൽക്ലാസ്സുകളിലും ബോധന ക്ലാസ്സുകളിലും മുറയ്ക്ക് ഹാജരാകൽ;

(ഗ) തന്റെ നിയോജകന്റേയും ആ സ്ഥാപനത്തിലെ മേലധികാരികളുടേയും നിയമാനുസൃതമായ എല്ലാ ഉത്തരവുകളും നടപ്പാക്കൽ;

(ഘ) അപ്രന്റീസ് കാൺട്രാക്ററിന്റെ കീഴിലുള്ളതും തന്റെ പ്രവൃത്തിയുടെ നിർണ്ണയിക്കപ്പെടുന്ന റിക്കാർഡുകൾ വച്ച് പോരൽ ഉൾപ്പെടേണ്ടതുമായ തന്റെ കടപ്പാടുകൾ നിർവ്വഹിക്കൽ.

13. അപ്രന്റീസുകൾക്ക് പണം കൊടുക്കൽ.—(1) അപ്രന്റീസ്ഷിപ്പ് പരിശീലനകാലത്ത് നിയോജകൻ ഏതൊരു അപ്രന്റീസിനും, അപ്രന്റീസ്ഷിപ്പ് കാൺട്രാക്ററിൽ വിനിർദ്ദേശിക്കുന്നതും നിർണ്ണയിക്കപ്പെടുന്ന ഏററവും കുറഞ്ഞനിരക്കോ അങ്ങനെയുള്ള അപ്രന്റീസ്, അപ്രന്റീസുകളുടെ ഏതു വിഭാഗത്തിലാണോ പെടുന്നത്, ആ വിഭാഗത്തിന്, നിയോജകൻ 1970 ജനുവരി 1-ാം തീയതി കൊടുത്തുകൊണ്ടിരുന്ന നിരക്കോ, ഏതാണ് കൂടിയത്, ആ നിരക്കിൽ കുറയാത്ത നിരക്കിലുള്ളതുമായ സ്റൈറപ്പൻഡ് കൊടുക്കേണ്ടതും, അപ്രകാരം വിനിർദ്ദേശിക്കപ്പെടുന്ന സ്റൈറപ്പൻഡ് നിർണ്ണയിക്കപ്പെടുന്ന ഇടവേളകൾ വിട്ടും, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്ക് വിധേയമായും കൊടുക്കേണ്ടതുമാകുന്നു.

(2) ഒരു അപ്രന്റീസിന്, അയാളുടെ നിയോജകൻ പീസ്‌വർക്കിന്റെ അടിസ്ഥാനത്തിൽ പണം കൊടുക്കുകയോ അയാളോട് ഏതെങ്കിലും ഔട്പുട്ട് ബോണസ് പദ്ധതിയിലോ മററു പ്രോത്സാഹക പദ്ധതിയിലോ ഭാഗഭാക്കാകാൻ ആവശ്യപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

14. അപ്രന്റീസുകളുടെ ആരോഗ്യവും രക്ഷയും ക്ഷേമവും.—ഏതെങ്കിലും അപ്രന്റീസുകൾ, ഫാക്ററിയിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്നിടത്ത്, അപ്രന്റീസുകളുടെ ആരോഗ്യവും രക്ഷയും ക്ഷേമവും സംബന്ധിച്ച്, ഫാക്ററി ആക്ററ്, 1948-ലെ (1948-ലെ 63)III-ം, IV-ം, V-ം അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ, അവർ ആ ആക്ററിന്റെ അർത്ഥത്തിൽ തൊഴിലാളികൾ ആയിരുന്നാലെന്നപോലെ, ബാധകമാകുന്നതും, ഏതെങ്കിലും അപ്രന്റീസുകൾ ഏതെങ്കിലും ഖനിയിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, അപ്രന്റീസുകളുടെ ആരോഗ്യവും രക്ഷയും സംബന്ധിച്ച്, ഖനി ആക്ററ്, 1952-ലെ (1952-ലെ 35) V-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ അവർ ഖനിയിൽ നിയോജിക്കപ്പെട്ട ആളുകൾ ആയിരുന്നെങ്കിലെന്നപോലെ, ബാധകമാകുന്നതും ആണ്.

15. പ്രവൃത്തിമണിക്കൂറുകളും ഓവർറൈറമും അവധിയും ഒഴിവുദിവസങ്ങളും.—(1) ഒരു വർക്ക്ഷാപ്പിൽ പ്രായോഗിക പരിശീലനം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു അപ്രന്റീസിന്റെ പ്രതിവാരമുള്ളതും പ്രതിദിനമുള്ളതുമായ പ്രവൃത്തിമണിക്കൂറുകൾ നിർണ്ണയിക്കപ്പെടുന്നവ ആയിരിക്കുന്നതാണ്.

(2) അപ്രന്റീസ്ഷിപ്പ് ഉപദേശകന്റെ അംഗീകാരത്തോടുകൂടിയല്ലാതെ യാതൊരു അപ്രന്റീസിനോടും, ഓവർറൈറമായി പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓവർറൈറം അപ്രന്റീസിന്റെ പരിശീലനത്തിന്റെ താത്പര്യത്തിനുവേണ്ടിയോ, പൊതു താത്പര്യത്തിന്‌വേണ്ടിയോ ആണെന്ന് ബോദ്ധ്യപ്പെടാത്ത പക്ഷം അപ്രന്റീസ്ഷിപ്പ് ഉപദേശകൻ അങ്ങനെയുള്ള അംഗീകാരം നല്കാൻ പാടില്ലാത്തതുമാകുന്നു.

(3) ഒരു അപ്രന്റീസിന് നിർണ്ണയിക്കപ്പെടുന്ന അവധിയ്ക്കും താൻ പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ പാലിക്കപ്പെടുന്ന ഒഴിവുദിവസങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

16. ക്ഷതിയ്ക്കുള്ള നഷ്ടപരിഹാരത്തിനു നിയോജകനുള്ള ബാദ്ധ്യത. അപ്രൻറീസായുള്ള തൻെറ പരിശീലനത്തിൽനിന്നും, അതിനിടയിലും ഉദ്ഭവിക്കുന്ന അപകടത്താൽ ഒരു അപ്രൻറീസിന് ശാരീരികക്ഷതി ഉളവാകുന്നുവെങ്കിൽ, അയാളുടെ നിയോജകൻ നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അത്, ആകുന്നത്ര പട്ടികയിൽ വിനിർദ്ദേശിക്കുന്ന രൂപഭേദങ്ങൾക്കു വിധേയമായി, തൊഴിലാളികളുടെ നഷ്ടപരിഹാര ആക്ററ്, 1923-ലെ (1923-ലെ 8) വ്യവസ്ഥകളനുസരിച്ച് വിസ്തരിക്കപ്പെടുകയും കൊടുക്കപ്പെടുകയും ചെയ്യുന്നതുമാകുന്നു.

17. പെരുമാററവും, അച്ചടക്കവും.—പെരുമാററത്തിൻേറയും അച്ചടക്കത്തിൻേറയും എല്ലാവിഷയങ്ങളിലും, അപ്രൻറീസ്, താൻ പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ തൽസ്ഥാനീയവിഭാഗത്തിലെ ജോലിക്കാർക്ക് ബാധകമാകുന്ന ചട്ടങ്ങളാലും റഗുലേഷനുകളാലും അനുശാസിക്കപ്പെട്ടിരിക്കുന്നതാണ്.

18. അപ്രൻറീസുകൾ പരിശീലനാർത്ഥികളാണ്, തൊഴിലാളികളല്ലെന്ന്.—ഈ ആക്ററിൽ മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധമൊഴികെ,—

(ക) ഒരു സ്ഥാപനത്തിലെ ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിൽ അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന ഏതൊരു അപ്രൻറീസും പരിശീലനാർത്ഥിയായിരിക്കുകയും തൊഴിലാളിയല്ലാതിരിക്കുകയും ചെയ്യുന്നതും;

(ഖ) അങ്ങനെയുള്ള അപ്രൻറീസിനോ അയാളെ സംബന്ധിച്ചോ തൊഴിലാളികളെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ലാത്തതും;

ആകുന്നു.

19. റിക്കാർഡുകളും റിട്ടേണുകളും.—(1) ഏതൊരു നിയോജകനും, തൻെറ സ്ഥാപനത്തിൽ അപ്രൻറീസുഷിപ്പ് പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന ഓരോ അപ്രൻറീസിൻേറയും പരിശീലനപുരോഗതിയുടെ റിക്കാർഡുകൾ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വച്ചുപോരേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതൊരു നിയോജകനും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങളും റിട്ടേണുകളും, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനങ്ങൾക്ക്, നിർണ്ണയിക്കപ്പെടുന്ന ഇടവേളകൾ വിട്ടു നല്കേണ്ടതും ആകുന്നു.

20. തർക്കങ്ങൾ തീർപ്പാക്കൽ.—(1) നിയോജകനും അപ്രൻറീസും തമ്മിൽ, അപ്രൻറിസ്ഷിപ്പ് കാൺട്രാക്ററിൽനിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും വിയോജിപ്പോ തർക്കമോ അപ്രൻറീസ്ഷിപ്പോ ഉപദേശകന് തീരുമാനത്തിനായി റഫർ ചെയ്യേണ്ടതാകുന്നു.

(2) അപ്രൻറീസ് ഉപദേശകൻെറ, (1)-ാം ഉപവകുപ്പിൻകീഴിലെ തീരുമാനത്താൽ സങ്കടക്കാരനായ ഏതൊരാൾക്കും, അങ്ങനെയുള്ള തീരുമാനം തന്നെ അറിയിച്ച തീയതി മുതൽ മുപ്പതുദിവസത്തിനുള്ളിൽ ആ തീരുമാനത്തിനെതിരായി അപ്രൻറീസ് സമിതിയ്ക്ക് അപ്പീൽ കൊടുക്കാവുന്നതും, സമിതിയുടെ അതിലേക്കായി നിയമിക്കപ്പെടുന്ന ഒരു കമ്മിററി അങ്ങനെയുള്ള അപ്പീൽ വാദം കേട്ട് തീർപ്പാക്കുന്നതുമാണ്.

(3) (2)–ാം ഉപവകുപ്പിൻകീഴിലെ കമ്മിററിയുടെ തീരുമാനവും, അങ്ങനെയുള്ള തീരുമാനത്തിനുമാത്രം വിധേയമായി, (1)–ാം ഉപവകുപ്പിൻ കീഴിലെ അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ തീരുമാനവും അന്തിമമായിരിക്കുന്നതാണ്.

21. ടെസ്ററ് നടത്തലും സർട്ടിഫിക്കററ് നല്കലും, പരിശീലനം സമാപിപ്പിക്കലും.—(1) പരിശീലനകാലാവധി പൂർത്തിയാക്കിയിട്ടുള്ള ഏതൊരു വ്യാപാര അപ്രൻറീസും, താൻ അപ്രൻറീസ്ഷിപ്പ് പരിശീലനം കഴിച്ച നാമനിർദ്ദിഷ്ട വ്യാപാരത്തിൽ തനിക്കുള്ള പ്രാവീണ്യം നിശ്ചയിക്കുന്നതിന് ദേശീയ സമിതി നടത്തേണ്ട ഒരു ടെസ്ററിന് ഹാജരാകേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പിൽ പരാമർശിച്ച ടെസ്ററ് പാസ്സാകുന്ന ഏതൊരു അപ്രൻറിസിനും ദേശീയസമിതി ആ വ്യാപാരത്തിലെ പ്രാവീണ്യത്തിനുള്ള ഒരു സർട്ടിഫിക്കററ് നല്കേണ്ടതാകുന്നു.

(3) ഏതൊരു ബിരുദധാരി അപ്രൻറീസിൻേറയും, അല്ലെങ്കിൽ സാങ്കേതികജ്ഞ അപ്രൻറിസിൻേറയും അപ്രൻറിസ്ഷിപ്പ് പരിശീലനത്തിലെ പുരോഗതി, നിയോജകൻ അപ്പോഴപ്പോൾ മതിക്കേണ്ടതാകുന്നു;

(4) കേന്ദ്ര അപ്രൻറീസ് സമിതിക്ക് ബോദ്ധ്യപ്പെടുന്നവിധം തൻെറ അപ്രൻറിസ് പരിശീലനം പൂർത്തിയാക്കുന്ന ഏതൊരു ബിരുദധാരി അപ്രൻറീസിനും, അല്ലെങ്കിൽ സാങ്കേതികജ്ഞ അപ്രൻറിസിനും, ആ സമിതി ഒരു പ്രാവീണ്യ സർട്ടിഫിക്കററ് നല്കേണ്ടതാണ്.

22. നിയോജനം ആഫർചെയ്യലും സ്വീകരിക്കലും.—(1) നിയോജകന് തൻെറ സ്ഥാപനത്തിൽ അപ്രൻറീസ്ഷിപ്പ് പരിശീലനം പൂർത്തിയാക്കിയിട്ടുള്ള ഏതെങ്കിലും അപ്രൻറീസിന് ഏതെങ്കിലും നിയോജനം ആഫർചെയ്യാൻ കടപ്പാടുണ്ടായിരിക്കുകയോ ആ അപ്രൻറിസിന് ആ നിയോജകൻെറ കീഴിൽ നിയോജനം സ്വീകരിക്കാൻ കടപ്പാടുണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

(2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെയിരുന്നാലും, അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിൽ അപ്രൻറീസ്ഷിപ്പ് പരിശീലനത്തിൻെറ വിജയകരമായ പൂർത്തീകരണത്തിനുശേഷം, അപ്രൻറിസ് നിയോജകൻെറ കീഴിൽ സേവനം അനുഷ്ഠിക്കേണ്ടതാണെന്ന ഉപാധി ഉള്ളിടത്ത്, അങ്ങനെയുള്ള പൂർത്തീകരണത്തോടെ, നിയോജകൻ അപ്രൻറീസിന് അനുയോജ്യമായ നിയോജനം ആഫർചെയ്യാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, കാൺട്രാക്ററിൽ വിനിർദ്ദേശിക്കുന്ന കാലാവധിയോളവും വേതനത്തിൻമേലും നിയോജകൻെറ കീഴിൽ, ആ നിലയിൽ സേവനം അനുഷ്ഠിക്കാൻ അപ്രൻറീസ് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ അഭിപ്രായത്തിൽ, അങ്ങനെയുള്ള കാലാവധിയോ, വേതനമോ ന്യായമായിട്ടുള്ളതല്ലാത്തിടത്ത്, അയാൾക്ക് ആ കാലാവധിയോ വേതനമോ ന്യായമായതാക്കത്തക്കവിധം പുതുക്കാവുന്നതും, അപ്രകാരം പുതുക്കിയ കാലാവധിയോ വേതനമോ അപ്രൻറീസും നിയോജകനും തമ്മിൽ കരാർ ചെയ്യപ്പെട്ട കാലാവധിയോ വേതനമോ ആയി കരുതപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം III

## അധികാരസ്ഥാനങ്ങൾ

23. അധികാരസ്ഥാനങ്ങൾ.—(1) ഗവൺമെൻറിനു പുറമേ, ഈ ആക്ററിൻകീഴിൽ താഴെപറയുന്ന അധികാരസ്ഥാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ദേശീയസമിതി,
(ഖ) കേന്ദ്ര അപ്രൻറിസ്ഷിപ്പ് സമിതി,
(ഗ) സ്റേററ് സമിതി,
(ഘ) സ്റേററ് അപ്രൻറിസ്ഷിപ്പ് സമിതി,
(ങ) അഖിലേൻഡ്യാ സമിതി,
(ച) പ്രാദേശിക ബോർഡുകൾ,
(ഛ) സാങ്കേതിക വിദ്യാഭ്യാസ ബോർഡുകൾ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്റേററ് സമിതികൾ,
(ജ) കേന്ദ്ര അപ്രൻറിസ്ഷിപ്പ് ഉപദേശകൻ,
(ഝ) സ്റേററ് അപ്രൻറിസ്ഷിപ്പ് ഉപദേശകൻ,

(2) ഏതൊരു സ്റേററ് സമിതിയും ദേശീയ സമിതിയോട് അഫിലിയേററ് ചെയ്യുകയും, ഏതൊരു സ്റേററ് അപ്രൻറിസ്ഷിപ്പ് സമിതിയും കേന്ദ്ര അപ്രൻറിസ്ഷിപ്പ് സമിതിയോട് അഫിലിയേററ് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2ക) ഏതൊരു സാങ്കേതിക വിദ്യാഭ്യാസ ബോർഡും, അല്ലെങ്കിൽ സാങ്കേതികവിദ്യാഭ്യാസ സ്റേററ് സമിതിയും, ഏതൊരു പ്രാദേശിക ബോർഡും കേന്ദ്ര അപ്രൻറിസ്ഷിപ്പ് സമിതിയോട് അഫിലിയേററ് ചെയ്യേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച അധികാരസ്ഥാനങ്ങളിൽ ഓരോന്നും, ഈ ആക്ററിൻകീഴിലെ അപ്രൻറിസ്ഷിപ്പ് പരിശീലനം സംബന്ധിച്ച്, ഈ ആക്റേറാ ആക്ററിൻകീഴിലോ ഗവൺമെൻേറാ അതിന് നല്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു സ്റേററ് സമിതി, ദേശീയസമിതി അതിന് നല്കുന്ന ചുമതലകൾകൂടി നിർവ്വഹിക്കേണ്ടതും, സ്റേററ് അപ്രൻറിസ്ഷിപ്പ് സമിതിയും, സാങ്കേതികവിദ്യാഭ്യാസബോർഡും, അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്റേററ് സമിതിയും കേന്ദ്രഅപ്രൻറീസ്ഷിപ്പ് സമിതി അതിനു നല്കുന്ന ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതും ആകുന്നു.

24. സമിതികൾ ഏർപ്പെടുത്തൽ.—(1) കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതി സ്ഥാപിക്കേണ്ടതും, സ്റേററ് ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, സ്റേററ് അപ്രൻറീസ്ഷിപ്പ് സമിതി സ്ഥാപിക്കേണ്ടതുമാണ്.

(2) കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയിൽ ചെയർമാനും വൈസ് ചെയർമാനും, സമീചീനമെന്ന് കേന്ദ്രഗവൺമെൻറിന്, തോന്നുന്നത്ര മററ്

അംഗങ്ങളും അടങ്ങിയിരിക്കേണ്ടതും, അവർ ആ ഗവൺമെൻറിനാൽ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആളുകളുടെ താഴെപറയുന്ന വിഭാഗങ്ങളിൽനിന്ന്, അതായത്:—

(ക) പൊതുമേഖലകളിലും സ്വകാര്യമേഖലകളിലും ഉള്ള സ്ഥാപനങ്ങളിലെ നിയോജകരുടെ പ്രതിനിധികൾ,

(ഖ) കേന്ദ്രഗവൺമെൻറിൻേറയും സ്റേററ് ഗവൺമെൻറുകളുടേയും പ്രതിനിധികൾ,

(ഗ) വ്യവസായം, തൊഴിലാളികൾ, സാങ്കേതികവിദ്യാഭ്യാസം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ പ്രത്യേകജ്ഞാനവും പരിചയവുമുള്ള ആളുകൾ,

(ഘ) അഖിലേൻഡ്യാ സമിതികളുടേയും പ്രാദേശിക ബോർഡുകളുടേയും പ്രതിനിധികൾ, എന്നിവയിൽനിന്ന് നിയമിക്കപ്പെടേണ്ടതുമാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഭാഗങ്ങൾ ഓരോന്നിലും, കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതി അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, സമിതി അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, അവരുടെ ഇടയിലുള്ള ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും നിർണ്ണയിക്കപ്പെടുന്നവ ആയിരിക്കുന്നതാണ്.

(4) സ്റേററ് അപ്രൻറീസ്ഷിപ്പ് സമിതിയിൽ, ചെയർമാനും വൈസ് ചെയർമാനും, സമീചീനമെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുന്നത്ര മററു അംഗങ്ങളും അടങ്ങിയിരിക്കേണ്ടതും, അവർ ആ ഗവൺമെൻറിനാൽ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആളുകളുടെ താഴെപറയുന്ന വിഭാഗങ്ങളിൽനിന്ന്:—

(ക) പൊതുമേഖലകളിലും സ്വകാര്യമേഖലകളിലുമുള്ള സ്ഥാപനങ്ങളിലെ നിയോജകരുടെ പ്രതിനിധികൾ,

(ഖ) കേന്ദ്രഗവൺമെൻറിൻേറയും സ്റേററ് ഗവൺമെൻറിൻേറയും പ്രതിനിധികൾ,

(ഗ) വ്യവസായം തൊഴിലാളികൾ, സാങ്കേതികവിദ്യാഭ്യാസം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ പ്രത്യേകജ്ഞാനവും പരിചയവുമുള്ള ആളുകൾ,

(ഘ) സാങ്കേതിക വിദ്യാഭ്യാസ ബോർഡിൻെറ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്റേററ് സമിതിയുടെ പ്രതിനിധികൾ,

എന്നിവയിൽ നിന്ന് നിയമിക്കപ്പെടേണ്ടതും ആകുന്നു.

(5) (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിഭാഗങ്ങൾ ഓരോന്നിലും നിന്ന് സ്റേററ് അപ്രൻറീസ്ഷിപ്പ് സമിതി അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, സമിതിഅംഗങ്ങളുടെ ഉദ്യോഗകാലാവധിയും, അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, അവരുടെ ഇടയിലുള്ള ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിയും, സ്റേററ് ഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്നവ ആയിരിക്കുന്നതാണ്.

(6) കേന്ദ്ര അപ്രൻറീസ്ഷിപ്പ്സമിതിയുടെ ചെയർമാനും വൈസ്—ചെയർമാനും മററംഗങ്ങൾക്കും കൊടുക്കേണ്ട ഫീസും ബത്തകളും, വല്ലതും

ഉണ്ടെങ്കിൽ, അവ കേന്ദ്രഗവൺമെൻറ് നിശ്ചയിക്കുന്നവ ആയിരിക്കുന്നതും, സ്റേറററ് അപ്രൻറീസ്ഷിപ്പ് സമിതിയുടെ ചെയർമാനും വൈസ് ചെയർമാനും മററംഗങ്ങൾക്കും കൊടുക്കേണ്ട ഫീസും ബത്തകളും, വല്ലതും ഉണ്ടെങ്കിൽ, അവ സ്റേറററ് ഗവൺമെൻറ് നിശ്ചയിക്കപ്പെടുന്നവ ആയിരിക്കുന്നതുമാണ്.

25. ഒഴിവുകൾ കൃത്യങ്ങളേയും നടപടികളേയും അസാധുവാക്കുന്നതല്ലെന്ന്.—ദേശീയ സമിതിയോ, കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയോ സ്റേറററ് സമിതിയോ, സ്റേറററ് അപ്രൻറീസ്ഷിപ്പ് സമിതിയോ ഈ ആക്ററിൻകീഴിൽ ചെയ്ത യാതൊരു കൃത്യവും, അല്ലെങ്കിൽ എടുത്ത യാതൊരു നടപടിയും, അങ്ങനെയുള്ള സമിതിയിൽ ഏതെങ്കിലും ഒഴിവോ, അത് ഏർപ്പെടുത്തിയതിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടെന്നുള്ള കാരണത്താൽമാത്രം, ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

26. അപ്രൻറീസ്ഷിപ്പ് ഉപദേശകൻമാർ.—(1) കേന്ദ്രഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, അനുയോജ്യനായ ഒരാളെ കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനായി നിയമിക്കേണ്ടതാകുന്നു

(2) സ്റേറററ്ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അനുയോജ്യനായ ഒരാളെ സ്റേറററ് അപ്രൻറീസ്ഷിപ്പ് ഉപദേശകനായി നിയമിക്കേണ്ടതാകുന്നു.

(3) കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകൻ കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതിയുടെ സെക്രട്ടറിയായിരിക്കേണ്ടതും, സ്റേറററ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻ സ്റേറററ് അപ്രൻറീസ് സമിതിയുടെ സെക്രട്ടറിയായിരിക്കേണ്ടതുമാകുന്നു.

27. അഡിഷണൽ, ജായിൻറ്, പ്രാദേശിക ഡെപ്യൂട്ടി, അസിസ്ററൻറ്, അപ്രൻറീസ്ഷിപ്പ് ഉപദേശകൻമാർ.—(1) അപ്രൻറീസ്ഷിപ്പ് ഉപദേശകനെ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനായി ഗവൺമെൻറിന്, അനുയോജ്യരായ ആളുകളെ അഡീഷണൽ, ജായിൻറ്, പ്രാദേശിക, ഡെപ്യൂട്ടി, അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻമാരായി നിയമിക്കാവുന്നതാണ്.

(2) ഏതൊരു അഡിഷണൽ, ജായിൻറ്, പ്രാദേശിക ഡെപ്യൂട്ടി അല്ലെങ്കിൽ അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകനും, അപ്രൻറീസ്ഷിപ്പ് ഉപദേശകൻ തനിക്ക് നല്കുന്ന ചുമതലകൾ അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ നിയന്ത്രണത്തിന് വിധേയമായി, നിർവ്വഹിക്കേണ്ടതാകുന്നു.

28. അപ്രൻറീസ്ഷിപ്പ് ഉപദേശകൻമാർ പബ്ലിക്ക്സർവൻറുമാരായിരിക്കുമെന്ന്.—ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു അപ്രൻറീസ്ഷിപ്പ് ഉപദേശകനും, ഏതൊരു അഡീഷണൽ, ജായിൻറ് പ്രാദേശികഡെപ്യൂട്ടി, അല്ലെങ്കിൽ അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകനും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 21-ാംവകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാണ്.

29. പ്രവേശനത്തിനും ഇൻസ്പെക്ഷനും മററുമുള്ള അധികാരങ്ങൾ.—ഇതിലേക്കായി ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ, കേന്ദ്ര അപ്രൻറീസ്ഷിപ്പ്

ഉപദേശകൻ ഇതിലേക്ക് ലിഖിതമായി പ്രാധികാരപ്പെടുത്തുന്നതും, അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ പദവിയിലും താഴെയല്ലാത്തതുമായ മററാരാംക്കോ—

(ക) യുക്തമെന്ന് തോന്നുന്ന അസിസ്ററൻറുമാർ വല്ലവരും ഉണ്ടെങ്കിൽ, അവരോടുകൂടി ഏതെങ്കിലും സ്ഥാപനത്തിലോ അതിൻെറ ഭാഗത്തോ ന്യായമായ ഏത് സമയത്തും പ്രവേശിക്കുകയും, അത് ഇൻസ്പെക്ററ് ചെയ്യുകയും പരിശോധിക്കുകയും;

(ഖ) അതിൽ നിയോജിക്കപ്പെട്ടിട്ടുളള ഏതെങ്കിലും അപ്രൻറീസിനെ വിസ്തരിക്കുകയോ ഈ ആക്ററിന് അനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററോ, റിക്കാർഡോ മററ് രേഖകളോ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ചെയ്യുകയും, ഏതെങ്കിലും ആളുടെ, ഈ ആക്ററിൻെറ ആവശ്യങ്ങരം നടപ്പാക്കുന്നതിന് ആവശ്യകമാണെന്ന് താൻ കരുതുന്ന സ്റേറററുമെൻറുകരം സ്ഥലത്തുവച്ചോ അല്ലാതെയോ എടുക്കുകയും;

(ഗ) ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകരം, ആ സ്ഥാപനത്തിൽ പാലിച്ചുപോരുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി യുക്തമെന്ന് തോന്നുന്ന വിസ്താരവും അന്വേഷണവിചാരണയും ചെയ്യുകയും;

(ഘ) നിർണ്ണയിക്കപ്പെടുന്ന മററ് അധികാരങ്ങരം പ്രയോഗിക്കുകയും; ചെയ്യാവുന്നതാണ്:

എന്നാൽ സ്റേററററ് അപ്രൻറീസ്ഷിപ്പ് ഉപദേശകനോ സ്റേററററ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻ, ഇതിലേക്ക് ലിഖിതമായി പ്രാധികാരപ്പെടുത്തുന്നതും, അസിസ്ററൻറ് അപ്രൻറീസ് ഉപദേശകൻെറ പദവിയിൽ താഴെയല്ലാത്തതുമായ മററ് ആരംക്കോകൂടി സമുചിത ഗവൺമെൻറ് സ്റേററററ് ഗവൺമെൻറ് ആയിരിക്കുന്ന സ്ഥാപനങ്ങരം സംബന്ധിച്ച് ഈ ഉപവകുപ്പിലെ (ക), (ഖ), (ഗ) അല്ലെങ്കിൽ (ഘ) ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ച അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെയിരുന്നാലും, ഈ വകുപ്പിൻ കീഴിൽ യാതൊരാളും നേരിട്ടോ അല്ലാതേയോ, തന്നെ കുററത്തിന് ഉത്തരവാദിയാക്കാൻ പ്രവണതയുളളവിധം ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാനോ ഏതെങ്കിലും സ്റേറററ്മെൻറ് കൊടുക്കാനോ നിർബന്ധിക്കപ്പെടാൻ പാടുളളതല്ല.

30. <u>കുററങ്ങളും ദണ്ഡനങ്ങളും.</u>—(1) ഏതെങ്കിലും നിയോജകൻ—

(ക) അപ്രൻറീസായി ഏർപ്പെടുത്താൻ യോഗ്യതയുളളവനല്ലാത്ത ഒരാളെ അപ്രൻറീസായി ഏർപ്പെടുത്തുകയോ, അല്ലെങ്കിൽ

(ഖ) അപ്രൻറീസ്ഷിപ്പ് കാൺട്രാക്ററിലെ നിബന്ധനകളും ഉപാധികളും നടപ്പാക്കാതിരിക്കുകയോ, അല്ലെങ്കിൽ

(ഗ) തന്നോട്, ഏർപ്പെടുത്താൻ ഈ ആക്ററിലെ വ്യവസ്ഥകരംക്ക് കീഴിൽ ആവശ്യപ്പെടുന്ന അപ്രൻറീസുകളുടെ എണ്ണം സംബന്ധിച്ച ആ വ്യവസ്ഥകരം ഉല്ലംഘിക്കുകയോ; ചെയ്യുന്നുവെങ്കിൽ, അയാരം ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും നിയോജകനോ മറേറതെങ്കിലും ആളോ,—

(ക) ഏതെങ്കിലും വിവരമോ റിട്ടേണോ നല്കാൻ ആവശ്യപ്പെട്ടിരിക്കെ—

(i) അങ്ങനെയുള്ള വിവരമോ റിട്ടേണോ നല്കാൻ വിസമ്മതിക്കുകയോ ഉപേക്ഷവരുത്തുകയോ;

(ii) വ്യാജവും, വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ, സത്യമാണെന്ന് താൻ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും വിവരമോ, റിട്ടേണോ കൊടുക്കുകയോ കൊടുപ്പിക്കുകയോ;

(iii) തന്നോട് കൊടുക്കാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരം ലഭിക്കാൻ ആവശ്യകമായ ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുകയോ വ്യാജമായ ഉത്തരം നല്കുകയോ, അല്ലെങ്കിൽ

(ഖ) ഈ ആക്ററോ, ആക്ററിൻ കീഴിലോ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും പ്രവേശനമോ ഇൻസ്പെക്ഷനോ, വിസ്താരമോ അന്വേഷണ വിചാരണയോ നടത്തുന്നതിന് കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ സ്റേററ് അപ്രൻറീസ്ഷിപ്പ് ഉപദേശകനോ അല്ലെങ്കിൽ, കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകനോ സ്റേററ് അപ്രൻറീസ്ഷിപ്പ് ഉപദേശകനോ ഇതിലേക്ക് ലിഖിതമായി പ്രാധികാരപ്പെടുത്തുന്നതും അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ പദവിയിൽ താഴെയല്ലാത്തതുമായ മററാരെക്കോ ന്യായമായ ഏതെങ്കിലും സൗകര്യം നല്കാൻ വിസമ്മതിക്കുകയോ മന:പൂർവ്വം ഉപേക്ഷവരുത്തുകയോ, അല്ലെങ്കിൽ

(ഗ) അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ അംഗീകാരം കൂടാതെ അപ്രൻറീസിനോട് ഓവർടൈം ആയി പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ;

(ഘ) അപ്രൻറീസിനെ, അയാളുടെ പരിശീലനത്തോട് ബന്ധപ്പെട്ടതല്ലാത്ത ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ നിയോജിക്കുകയോ, അല്ലെങ്കിൽ

(ങ) അപ്രൻറീസിന് പീസ്‌വർക്കിൻെറ അടിസ്ഥാനത്തിൽ പണം കൊടുക്കുകയോ, അല്ലെങ്കിൽ

(ച) അപ്രൻറീസിനോട് ഏതെങ്കിലും ഔട്ട്പുട്ട് ബോണസ് പദ്ധതിയിലോ, പ്രോൽസാഹനപദ്ധതിയിലോ, ഭാഗഭാക്കാകാൻ ആവശ്യപ്പെടുകയോ,

ചെയ്യുന്നുവെങ്കിൽ അയാരം ആറു മാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

31. പ്രത്യേകദണ്ഡനം വ്യവസ്ഥ ചെയ്യാത്തിടത്തുളള ദണ്ഡനം.— ഏതെങ്കിലും നിയോജകനോ, മറേറതെങ്കിലും ആളോ ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുകയും അതിന് 30-ാംവകുപ്പിൽ ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാരം അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

32. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്യുന്ന ആൾ ഒരു കമ്പനിയാണെങ്കിൽ, കമ്പനിയ്ക്കു പുറമേ, കുറ്റം ചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ള അങ്ങനെയുള്ള ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്റ്ററുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മറ്റ് ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്റ്ററോ മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോകൂടി ആ കുറ്റത്തിന്, അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരായിരിക്കുന്നതുമാണ്.

വിശദീകരണം. —ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) ''കമ്പനി'' എന്നാൽ, ഒരു ഏകാംഗീകൃത നികായമെന്ന് അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) ''ഡയറക്റ്റർ'' എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

33. കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ.—യാതൊരു കോടതിയും, ഈ ആക്റ്റിൻകീഴിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക് കീഴിലേയോ ഏതെങ്കിലും കുറ്റം, അതു ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ, ആറുമാസത്തിനുള്ളിൽ, അപ്രൻറീസ്ഷിപ്പ് ഉപദേശകൻ കൊടുക്കുന്ന ലിഖിതമായ പരാതിയിൻമേലൊഴികെ, നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

34. അധികാരങ്ങളുടെ പ്രത്യായോജനം.— സമുചിത ഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിനോ, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കോ കീഴിൽ, അതിന് പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരം, വിജ്ഞാപനംവഴി നല്കുന്ന നിദേശത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചും ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും—

(ക) സമുചിതഗവൺമെൻറ് കേന്ദ്ര ഗവൺമെൻറ് ആയിരിക്കുന്നിടത്ത്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും കേന്ദ്രഗവൺമെൻറിന്

കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലും, അല്ലെങ്കിൽ അധികാരസ്ഥാനത്താലും അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറിനാലും അല്ലെങ്കിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും സ്റ്റേറ്റ് ഗവൺമെൻറിൻെറ കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലും അല്ലെങ്കിൽ അധികാരസ്ഥാനത്താലും;

(ഖ) സമുചിതഗവൺമെൻറ് സ്റ്റേറ്റ് ഗവൺമെൻറ് ആയിരിക്കുന്നിടത്ത്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും സ്റ്റേറ്റ് ഗവൺമെൻറിന് കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലും അല്ലെങ്കിൽ അധികാരസ്ഥാനത്താലും,

കൂടി പ്രയോഗിക്കപ്പെടാവുന്നതായിരിക്കുമെന്ന് നിദേശിക്കാവുന്നതാണ്.

35. <u>പരാമർശങ്ങൾക്ക് അർത്ഥം കല്പിക്കൽ.</u>—(1) അപ്രൻറീസ്ഷിപ്പ് സമിതിയെക്കുറിച്ചുള്ള ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ, ഏതെങ്കിലും പരാമർശത്തിന്, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, സമുചിത ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറ് ആയിരിക്കുന്ന ഒരു സ്ഥാപനത്തിലെ ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിലുള്ള അപ്രൻറീസ്ഷിപ്പ് പരിശീലനം സംബന്ധിച്ച്, കേന്ദ്ര അപ്രൻറീസ്ഷിപ്പ് സമിതി എന്നും, സമുചിതഗവൺമെൻറ് സ്റ്റേറ്റ് ഗവൺമെൻറ് ആയിരിക്കുന്ന ഒരു സ്ഥാപനത്തിലെ ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിലുള്ള അപ്രൻറീസ്ഷിപ്പ് പരിശീലനം സംബന്ധിച്ച്, സ്റ്റേറ്റ് അപ്രൻറീസ്ഷിപ്പ് സമിതി എന്നും അർത്ഥമാകുന്നു.

(2) അപ്രൻറീസ്ഷിപ്പ് ഉപദേശകനെക്കുറിച്ചുള്ള ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ, ഏതെങ്കിലും പരാമർശത്തിന്, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) സമുചിതഗവൺമെൻറ് കേന്ദ്രഗവൺമെൻറ് ആയിരിക്കുന്ന ഒരു സ്ഥാപനത്തിലെ ഒരു നാമനിർദ്ദിഷ്ട വ്യാപാരത്തിലുള്ള അപ്രൻറീസ്ഷിപ്പ് പരിശീലനം സംബന്ധിച്ച്, കേന്ദ്ര അപ്രൻറീസ്ഷിപ്പ് ഉപദേശകൻ എന്നും, സമുചിത ഗവൺമെൻറ് സ്റ്റേറ്റ് ഗവൺമെൻറ് ആയിരിക്കുന്ന ഒരു സ്ഥാപനത്തിലെ ഒരു നാമനിർദ്ദിഷ്ടവ്യാപാരത്തിലുള്ള അപ്രൻറീസ്ഷിപ്പ് പരിശീലനം സംബന്ധിച്ച്, സ്റ്റേറ്റ് അപ്രൻറീസ് ഷിപ്പ് ഉപദേശകൻ എന്നും അർത്ഥമാകുന്നതും;

(ഖ) അതിൽ 27-ാംവകുപ്പ്, (2)-ാം ഉപവകുപ്പിൻകീഴിൽ തനിക്ക് നല്കിയിട്ടുള്ള അപ്രൻറീസ്ഷിപ്പ് ഉപദേശകൻെറ ചുമതലകൾ നിർവഹിക്കുന്ന അഡീഷണൽ, ജായിൻറ്, പ്രാദേശിക, ഡെപ്യൂട്ടി, അല്ലെങ്കിൽ അസിസ്ററൻറ് അപ്രൻറീസ്ഷിപ്പ് ഉപദേശകൻ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും;

ആകുന്നു.

36. <u>ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെട്ട നടപടിയുടെ സംരക്ഷണം.</u>— ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ നിയമനടപടികളും, ഏതെങ്കിലും ആൾക്കെതിരായി, നിലനില്ക്കുന്നതല്ല.

37. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) കേന്ദ്രഗവൺമെൻറിന്, കേന്ദ്രഅപ്രൻറീസ്ഷിപ്പ് സമിതിയുമായി ആലോചിച്ചതിനുശേഷം, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും ചട്ടത്തിന്റെ ഉല്ലംഘനം അമ്പതുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന് വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ട് പിന്നീട് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

38. 1964-ലെ ഭേദഗതി ആക്ററ് (1964-ലെ 52) 2-ാംവകുപ്പ് 1-ാം പട്ടികയാൽ റദ്ദാക്കപ്പെട്ടു.

പട്ടിക

(16–ാം വകുപ്പ് നോക്കുക)

തൊഴിലാളികളുടെ നഷ്ടപരിഹാര ആക്ററ്, 1923, അപ്രൻറീസ് ആക്ററ്, 1961–ൻ കീഴിൽ അപ്രൻറീസുകൾക്ക് ബാധകമാകുന്നതിലുള്ള അതിലെ രൂപഭേദങ്ങൾ—

തൊഴിലാളികളുടെ നഷ്ടപരിഹാര ആക്ററ്, 1923–ൽ

(1) 2–ാംവകുപ്പിൽ,—

(ക) (ഗ) ഖണ്ഡത്തിനുപകരം,—

'(ഗ) ''നിയോജക''ന് അപ്രൻറീസ് ആക്ററ്, 1961-ൽ നിർവ്വചിച്ച പ്രകാരമുള്ളതും ഒന്നോ അതിലധികമോ അപ്രൻറീസുകളെ ഏർപ്പെടുത്തിയിട്ടുള്ളതുമായ നിയോജകൻ എന്നർത്ഥമാകുന്നു;'

എന്നു ചേർക്കുക;

(ഖ) (ട) ഖണ്ഡം വിട്ടുകളയുക;

(ഗ) (ഡ) ഖണ്ഡത്തിനുപകരം,—

'(ഡ) ''കൂലി''യ്ക്ക്, അപ്രൻറീസ് ആക്ററ്, 1961–ലെ 13 (1)–ാം വകുപ്പിൻകീഴിൽ ഒരു അപ്രൻറീസിന് കൊടുക്കേണ്ട സ്റ്റൈറെപ്പൻഡ് എന്നർത്ഥമാകുന്നു';

എന്നു ചേർക്കുക

(ഘ) (ഡ) ഖണ്ഡത്തിന് പകരം,—

'(ഡ) ''തൊഴിലാളി''യ്ക്ക്, അപ്രൻറീസ് ആക്ററ്, 1961-ൽ നിർവചിച്ചപ്രകാരമുള്ള അപ്രൻറീസായി ഏർപ്പെടുത്തപ്പെടുകയും, തൻെറ അപ്രൻറീസ്ഷിപ്പ് പരിശീലനത്തിനിടയിൽ, 11–ാം പട്ടികയിൽ വിനിർദ്ദേശിച്ച ഏതെങ്കിലും നിലയിൽ നിയോജിക്കപ്പെടുകയും ചെയ്യുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;'

എന്ന് ചേർക്കുക,

(2) 12–ാംവകുപ്പ് വിട്ടുകളയുക;

(3) 15–ാംവകുപ്പ് വിട്ടുകളയുക;

(4) 21 (1)-ാംവകുപ്പിലെ പരിമിതി വ്യവസ്ഥ വിട്ടുകളയുക;

(5) 24–ാംവകുപ്പിൽ ''യോ രജിസ്റേറർഡ് ട്രേഡ്യൂണിയൻേറയോ' എന്ന അക്ഷരവും വാക്കുകളും വിട്ടുകളയുക;

(6) 30 (1)–ാംവകുപ്പിലെ (ഘ) ഖണ്ഡം വിട്ടുകളയുക;

(7) 11–ാംപട്ടികയിലെ (vi)–ം, (xi)–ം, (xiii)–ം, (xvii)–ം, (xviii)–ം, (xx)–ം, (xxii)ം, (xxiv)–ം, (xxv)–ം, (xxxii)–ം ഖണ്ഡങ്ങൾ വിട്ടുകളയുക.